# Vol. 1

**Prot. No. 3559/2006**
**Pastoral Letter No. 1/2006**

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ ഇടയനായ മാർ ജോസ് പൊരുന്നേടം തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശന്മാർക്കും സന്യസ്തർക്കും അല്മായ സഹോദരർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്. നിങ്ങൾക്കേവർക്കും നമ്മുടെ കർത്താവിൽ കൃപയും സമാധാനവും.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനമാണ് നമ്മുടെ കർത്താവിന്റെ ഉയിർപ്പ്. ഉയിർപ്പുതിരുനാൾ യോഗ്യതാപൂർവ്വം ആചരിക്കുന്നതിന് ഒരുക്കമായുള്ള വലിയനോമ്പിലാണ് നാമിപ്പോൾ. ആരാധനാക്രമ വർഷത്തിലെ വളരെ പ്രധാനപ്പെട്ട സമയമാണ് വലിയ നോമ്പും അതിന്റെ അവസാനമുള്ള വലിയ ആഴ്ചയും. പീഡാസഹനവും കുരിശുമരണവും ഉത്ഥാനവും വഴി ഈശോ മനുഷ്യരക്ഷ സാധിച്ചതിന്റെ സജീവ സ്മരണയാണ് ഈ നോമ്പാചരണത്തിന്റെ കേന്ദ്രബിന്ദു. നമ്മളും ഈശോ കടന്നുപോയ അതേ വഴിയിലൂടെ നടന്ന് നമ്മുടെ ചുറ്റുമുള്ളവർക്ക് രക്ഷയുടെ അടയാളങ്ങളായി മാറണമെന്ന് ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

മാമ്മോദീസാവഴി ദൈവപുത്രസ്ഥാനം വീണ്ടുകിട്ടുകയും പുതിയ മനുഷ്യരായി തീരുകയും ചെയ്ത നാം വീണ്ടും പാപം ചെയ്ത് ദൈവത്തിൽനിന്നകന്നുപോയി. ദൈവത്തിൽ നിന്നുള്ള അകൽച്ച സ്വസഹോദരരിൽ നിന്നുള്ള അകൽച്ചയുമാണ്. അതിനാൽ അനുതാപത്തിന്റേയും അനുരഞ്ജനത്തിന്റേയും ആവശ്യകതയിലേയ്ക്കും നോമ്പുകാലം വിരൽ ചൂണ്ടുന്നു. അനുതപിക്കുന്ന പാപികളോട് ദൈവം കാണിക്കുന്ന അനന്തമായ സ്നേഹവും കാരുണ്യവും ഇക്കാലത്തെ പ്രധാന ചിന്താവിഷയങ്ങളാണ്. ദൈവവും നമ്മളും തമ്മിലും നമ്മൾ തമ്മിൽത്തമ്മിലും അനുരഞ്ജിതരാകേണ്ടതിന്റെ ആവശ്യകതയും നോമ്പുകാലം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. അനുരഞ്ജനം വ്യക്തികൾ തമ്മിലെന്നതുപോലെതന്നെ സമൂഹ

ങ്ങൾ തമ്മിലും സമൂഹത്തിലെ വിവിധ ഘടകങ്ങൾ തമ്മിലും ഉണ്ടാകേണ്ടതുണ്ട്.

സ്വന്തം ദൗത്യനിർവ്വഹണത്തിൽ നിന്ന് തന്നെ പിൻതിരിപ്പിക്കാൻ പ്രലോഭനങ്ങളുമായെത്തിയ തിന്മയുടെ ശക്തിയെ പരാജയപ്പെടുത്തിയ ഈശോയെപ്പോലെ നമ്മളും നമ്മുടെ ദുരാശകളേയും അക്രൈസ്തവമായ പ്രവർത്തനശൈലികളേയും ഉന്മൂലനം ചെയ്ത് തീക്ഷ്ണമായ പ്രാർത്ഥനയിലും ആത്മാർത്ഥമായ ഉപവാസത്തിലും പ്രായശ്ചിത്തത്തിലും ഔദാര്യപൂർണ്ണമായ ദാനധർമ്മത്തിലും പങ്കുവയ്ക്കലിലും നോമ്പുകാലം ചെലവഴിക്കണമെന്ന് ഈ കാലത്തിലെ പ്രാർത്ഥനകളും വിശുദ്ധഗ്രന്ഥവായനകളും നമ്മെ ഓർമ്മപ്പെടുത്തുന്നു. നോമ്പുകാലാവസാനത്തോടെ അവയും നിന്നു പോകാൻ പാടില്ല. പ്രത്യുത ജീവിതത്തിലുടനീളം അതൊരു രണ്ടാം പ്രകൃതിയായി മാറണം. മരണത്തെ ജയിച്ച് നിത്യജീവനിലേയ്ക്ക് പ്രവേശിച്ച ഈശോയാണ് ഇക്കാര്യത്തിൽ നമ്മുടെ മാതൃക. പാപത്തിന് മരിച്ചവരായി കഴിയുമ്പോൾ നമ്മളും ആ നിത്യജീവന് അവകാശികളാകുന്നു.

എങ്ങനെ പ്രാർത്ഥിക്കണം എന്നതിനെ സംബന്ധിച്ച് ഈശോ നമ്മളോട് പറയുന്നു. "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടനാട്യക്കാരേപ്പോലെ ആകരുത്. അവർ മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടി സിനഗോഗുകളിലും തെരുവീഥികളുടെ കോണുകളിലും നിന്ന് പ്രാർത്ഥിക്കാനാണ് ഇഷ്ടപ്പെടുന്നത്. എന്നാൽ നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന് കതകടച്ച് രഹസ്യമായി നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക" (മത്താ. 6, 5-6). പരസ്യപ്രാർത്ഥനകളെ ഈശോ നിരുത്സാഹപ്പെടുത്തുകയല്ല പ്രത്യുത ആന്തരികതയും ആത്മാർത്ഥതയുമില്ലാത്ത പ്രാർത്ഥന ദൈവത്തിന് പ്രീതികരമാകുകയില്ല എന്ന് പഠിപ്പിക്കുകയാണ് ചെയ്യുന്നത്.

നമ്മുടെ കുടുംബങ്ങളിൽ കുറഞ്ഞുവരുന്ന കുടുംബപ്രാർത്ഥനകളും നോമ്പാചരണവും മറ്റും ഇത്തരുണത്തിൽ നാമൊരു പുനർവിചിന്തനത്തിന് വിധേയമാക്കണം. ക്രൈസ്തവ ജീവിതത്തിന്റെ കേന്ദ്രബിന്ദുവായി നിലകൊള്ളേണ്ട പ്രാർത്ഥനാജീവിതം

മാധ്യമങ്ങളുടെയും മറ്റു സ്വാധീനങ്ങളുടേയും തള്ളിക്കയറ്റത്തിൽ വള രെയധികം പാർശ്വവൽക്കരിക്കപ്പെട്ടു കഴിഞ്ഞു. വർദ്ധിച്ചുവരുന്ന ആത്മഹത്യകളും മനുഷ്യബന്ധങ്ങളിൽ വരുന്ന ശൈഥില്യങ്ങളും ഇതിന്റെ അനന്തരഫലമായി കാണാവുന്നതാണ്. ഈ നോമ്പുകാലം യഥാർത്ഥമായ പ്രാർത്ഥനാജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടു പോകാനുള്ള അവസരമാകട്ടെ.

ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥന പ്രവൃത്തികളായി പുറത്തുവരും എന്നത് സാമാന്യ തത്വം മാത്രമാണ്. ശരിയായി പ്രാർത്ഥിക്കുന്നവർക്ക് അനീതിക്കും അഴിമതിക്കും അക്ര മത്തിനും കൂട്ടുനിൽക്കാനോ അപരനെ ദ്രോഹിക്കാനോ ആവശ്യ ക്കാരനെ കണ്ടില്ലെന്ന് നടിക്കാനോ സാധിക്കുകയില്ല. വൃക്ഷത്തെ തിരിച്ചറിയുന്നത് അതിന്റെ ഫലത്തിൽ നിന്നാണല്ലോ. ഈ നോമ്പു കാലത്തും തുടർന്നും നാം  നടത്തുന്ന പ്രാർത്ഥനകൾ നമ്മുടെ അനുദിന സമൂഹജീവിതത്തെ ഗുണപരമായി സ്വാധീനിക്കുന്നതും രൂപാന്തരപ്പെടുത്തുന്നതുമാകട്ടെ.

എങ്ങനെ പ്രാർത്ഥിക്കണം എന്നും എന്തു പ്രാർത്ഥിക്കണ മെന്നും ഈശോ നമ്മെ പഠിപ്പിച്ച് തന്നിട്ടുണ്ട്. നമ്മുടെ പ്രാർത്ഥന കേവലം അർത്ഥനകളും അപേക്ഷകളും മാത്രമാകരുത്. ദൈവം നമ്മുടെ മേൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന നിരവധിയായ അനു ഗ്രഹങ്ങൾക്ക് നാമർപ്പിക്കുന്ന നന്ദിയായും നമ്മുടെ പ്രാർത്ഥനകൾ രൂപാന്തരപ്പെടണം.  പകലത്തെ അധ്വാനത്തിനുശേഷം മലയുടെ ഏകാന്തതയിലേയ്ക്ക് പിൻവലിഞ്ഞ് പിതാവിനോട് സംഭാഷിക്കു കയും 'എന്റെ ഇഷ്ടമല്ല, നിന്റേത് നിറവേറട്ടെ' എന്നു പറയുകയും ചെയ്ത ഈശോയാണ് പ്രാർത്ഥനയിൽ നമ്മുടെ മാതൃക. ദൈവ തിരുമനസ്സിന് പൂർണ്ണമായി വിധേയപ്പെടാനുള്ള മനസ്സാണ് പ്രാർത്ഥനയുടെ യഥാർത്ഥ അരൂപി. മറ്റുള്ളവരുമായി രമ്യതയിൽ കഴിയാനുള്ള മനസ്സും അതിന്റെ ഭാഗംതന്നെ. അതാണല്ലോ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയിൽ അവിടുന്ന് നമ്മെ പഠിപ്പിച്ചത്. (മത്താ.6, 9-15)

പ്രാർത്ഥനപോലെതന്നെ പ്രധാനപ്പെട്ടതാണ് ഉപവാസവും പ്രായശ്ചിത്ത പ്രവൃത്തികളും. പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതത്തെ ദൈവോന്മുഖമാക്കാൻ അവ നമ്മെ സഹായിക്കുന്നു. നമുക്കിഷ്ടപ്പെട്ട ഭക്ഷണ പാനീയങ്ങളും താദൃശകാര്യങ്ങളും വേണ്ടാ യെന്ന് വയ്ക്കാൻ നാം ശ്രമിക്കുമ്പോൾ നമ്മുടെ മനസ്സും ഇച്ഛയും നമുക്കധീനമാകുന്നു. നാം ഉപവസിക്കുന്നതും പ്രായശ്ചിത്തം അനുഷ്ഠിക്കുന്നതും സമൂഹത്തിൽ ആരെയെങ്കിലും കാണിക്കാനോ കയ്യടി വാങ്ങിക്കാനോ അല്ല പ്രത്യുത, നമ്മിലുള്ള തിന്മകളെ അതി ജീവിക്കാനുള്ള കരുത്തുകിട്ടാനാണ്. മദ്യപാനം, പുകവലി തുടങ്ങിയ ദുശ്ശീലങ്ങൾക്ക് അടിമകളായവർ നോമ്പുകാലത്ത് അവ വേണ്ടെന്ന് വയ്ക്കുകയും നോമ്പിനുശേഷം പൂർവ്വാധികം താൽപര്യത്തോടെ അവയിൽ മുഴുകുകയും ചെയ്യുന്നത് സാധാരണ കാഴ്ചയാണ്. തങ്ങൾ ചെയ്യുന്ന തിന്മയെപ്പറ്റി ബോധ്യം വരാത്തവരാണവർ. 'വേണമെങ്കിൽ എനിയ്ക്കു നിർത്താം' എന്ന് മറ്റുള്ളവരെ കാണി ക്കാനുള്ള ശ്രമത്തിന്റെ ഭാഗവുമാകാം അത്. ഏശയ്യാ പ്രവാചകൻ പറയുന്നു: 'നിങ്ങൾ ഉപവസിക്കുമ്പോൾ സ്വന്തം സുഖമാണ് തേടുന്നത്' (ഏശ. 58, 3). എന്നാൽ യഥാർത്ഥ ഉപവാസവും പ്രായ ശ്ചിത്തവും പശ്ചാത്താപത്തിലേയ്ക്കും ജീവിതനവീകരണത്തി ലേയ്ക്കും നയിക്കുന്നു.

പ്രാർത്ഥന, ഉപവാസം, പ്രായശ്ചിത്തം എന്നിവയുടെ സാമൂഹ്യാനുഷ്ഠാനമാണ് പങ്കുവയ്ക്കലും ദാനധർമ്മവും. തന്റെ ഏകജാതനെപ്പോലും വിട്ടുതന്ന പിതാവായ ദൈവവും നമുക്കു വേണ്ടി സ്വയം ശൂന്യനാക്കുകയും കുരിശിൽ ബലിയായി അർപ്പി ക്കുകയും ചെയ്ത ഈശോയുമാണ് ഇക്കാര്യത്തിൽ നമ്മുടെ മാതൃക. ക്രൈസ്തവ വിശ്വാസത്തിന്റെ അവിഭാജ്യഘടകമാണ് പങ്കുവ യ്ക്കലും ദാനധർമ്മവും. അതില്ലാത്ത ജീവിതം ക്രൈസ്തവമല്ല തന്നെ.

നമ്മുടെ ആവശ്യങ്ങൾ എല്ലാം സാധിച്ചിട്ട് മിച്ചം വരുന്നവ കൊടുക്കുന്നത് ക്രൈസ്തവമായ അർത്ഥത്തിൽ പങ്കുവയ്ക്കലും ദാനധർമ്മവുമല്ല. എന്നല്ലാ, നമുക്ക് തികഞ്ഞിട്ട് മറ്റുള്ളവർക്ക്

കൊടുക്കാം എന്നു കരുതിയാൽ അതൊരിക്കലും സാധിക്കുകയുമില്ല. ഇത്തരുണത്തിൽ പാശ്ചാത്യരായ ക്രൈസ്തവ സഹോദരങ്ങൾ നമ്മളെ സഹായിക്കുന്നത് എങ്ങനെയെന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. തങ്ങളുടെ അത്യാവശ്യങ്ങൾപോലും മാറ്റിവച്ചും നമുക്കുവേണ്ടി പലരുടെ വാതിൽക്കൽ കൈ നീട്ടിയുമാണ് അവർ നമ്മളെ സഹായിക്കുന്നത് എന്ന കാര്യം വിസ്മരിക്കാതിരിക്കാം. അതുപോലെ നാമും ചെയ്യാൻ തയ്യാറായാൽ വലിയൊരു ക്രൈസ്തവ സാക്ഷ്യമായിരിക്കും അത്. മദ്യപിച്ചും പുകവലിച്ചും ആർഭാട പൂർണ്ണമായ ആഘോഷങ്ങൾ നടത്തിയും നാം പാഴാക്കുന്ന സമ്പത്തിന്റെ ഒരംശമെങ്കിലും ഇല്ലാത്തവരുമായി പങ്കുവയ്ക്കുവാൻ നമുക്ക് സാധിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചുപോകുകയാണ്.

ദാനധർമ്മം ചെയ്യുന്നതിനെക്കുറിച്ചും കർത്താവ് നമുക്ക് മുന്നറിയിപ്പ് നൽകുന്നുണ്ട്. "മറ്റുള്ളവരെ കാണിക്കാൻവേണ്ടി അവരുടെ മുമ്പിൽ വച്ച് നിങ്ങളുടെ സത്ക്കർമ്മങ്ങൾ അനുഷ്ഠിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ.... മറ്റുള്ളവരിൽ നിന്ന് പ്രശംസ ലഭിക്കാൻ കപട നാട്യക്കാർ സിനഗോഗുകളിലും തെരുവീഥികളിലും ചെയ്യുന്നതുപോലെ നീ ഭിക്ഷകൊടുക്കുമ്പോൾ നിന്റെ മുമ്പിൽ കാഹളം മുഴക്കരുത്... നീ ദാനധർമ്മം ചെയ്യുമ്പോൾ അത് രഹസ്യമായിരിക്കേണ്ടതിന് നിന്റെ വലത്തുകൈ ചെയ്യുന്നത് ഇടതുകൈ അറിയാതിരിക്കട്ടെ." (മത്താ. 6, 1-4).

മുമ്പു സൂചിപ്പിച്ചതുപോലെ ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ തമ്മിൽത്തമ്മിലും രമ്യപ്പെടുവാനുള്ള കാലഘട്ടമാണ് നോമ്പുകാലം. വർഷങ്ങളായി പരസ്പരം സംസാരിക്കാതെയും വാശിയും വൈരാഗ്യവും മനസ്സിൽ പേറിക്കൊണ്ടും നടക്കുന്ന ധാരാളം പേർ നമ്മുടെ ഇടയിലുണ്ട്. അതിൽനിന്നെല്ലാം മോചനം നേടി ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടെ ജീവിക്കുവാനുള്ള അവസരമാകട്ടെ ഈ നോമ്പുകാലം എന്നാണെന്റെ ആശംസയും പ്രാർത്ഥനയും. ഈ നോമ്പുകാലത്തും ഉയിർപ്പു തിരുനാളിലും ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2006 ഫെബ്രുവരി മാസം 20-ാം തീയതി നൽകപ്പെട്ടത്.

+ ജോസ് പൊരുന്നേടം
മാനന്തവാടി രൂപതാ മെത്രാൻ

---

□□:□ ഈ സർക്കുലർ മാർച്ച് മാസം 12-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

# Vol. 2

**Prot. No. 4012/2006**
**Pastoral Letter No. 02/2006**

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ ഇടയനായ
മാർ ജോസ് പൊരുന്നേടം

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശ്ശന്മാർക്കും സന്യസ്തർക്കും അല്മായ സഹോദരർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്. നിങ്ങൾക്കേവർക്കും നമ്മുടെ കർത്താവിൽ കൃപയും സമാധാനവും.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

ജൂൺമാസം രണ്ടാം ഞായറാഴ്ച മതബോധന ഞായറായി നാം ആഘോഷിക്കുകയാണല്ലോ. പുതിയ അധ്യയനവർഷം മെയ് 28-ന് നമ്മൾ ആരംഭിച്ചുകഴിഞ്ഞു. ഈ അധ്യയനവർഷത്തിന്റെ ആരംഭത്തിൽത്തന്നെ മതബോധനഞായർ നമ്മൾ ആഘോഷിക്കുമ്പോൾ വിശ്വാസപരിശീലനം എന്താണെന്നും എന്തിനാണെന്നും അതിന് നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ എന്തുമാത്രം സ്ഥാനം കൊടുക്കുന്നുവെന്നും മാതാപിതാക്കളും കുട്ടികളും വിശ്വാസപരിശീലന പ്രവർത്തനത്തിൽ പങ്കാളികളാകുന്ന എല്ലാവരും ഗാഢമായി ചിന്തിക്കുകയും പഠിക്കുകയും മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യണം.

മതബോധനത്തെ സഭ എക്കാലവും അവളുടെ പ്രഥമ ദൗത്യമായാണ് കരുതിപ്പോരുന്നത്. അതിന് കാരണവുമുണ്ട്. യേശു തന്റെ സ്വർഗ്ഗാരോഹണത്തിന് തൊട്ടുമുമ്പ് ശിഷ്യന്മാരെ ഭരമേൽപ്പിച്ച വലിയ ദൗത്യമാണ് എല്ലാവരെയും സുവിശേഷം പഠിപ്പിച്ച് വിശ്വാസത്തിൽ വളർത്തുക എന്നത്. "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ, ഞാൻ നിങ്ങളോട് കൽപ്പിച്ചിട്ടുള്ളവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ. 28:19-20). വിശ്വാസം ദൈവദാനവും വെളിപ്പെടുത്തപ്പെട്ട ദൈവത്തോടുള്ള മനുഷ്യന്റെ പ്രത്യു

ത്തരവുമാണ്. അതിനാൽ "ക്രിസ്തുവിന്റെ ഈ കല്പനയനുസരിച്ച് സഭ അവളുടെ മക്കൾക്കുവേണ്ടി നടത്തുന്ന പ്രേഷിതപ്രവർത്തനങ്ങൾ മുഴുവനുംകൂടി മതബോധനം എന്ന് അറിയപ്പെടാൻ തുടങ്ങി. ജനങ്ങളെ യേശുവിന് ശിഷ്യപ്പെടുത്തുക, അവിടുത്തെ നാമത്തിൽ അവർക്ക് ജീവനുണ്ടാകേണ്ടതിന് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന ബോധ്യത്തിലേക്ക് അവരെ നയിക്കുക; ആ ജീവനിൽ അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക; അങ്ങനെ ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുക. ഇതാണ് മതബോധനം കൊണ്ട് ഉദ്ദേശിക്കുന്നത്." ചുരുക്കത്തിൽ, ദൈവവചനവും ദൈവവചനത്തിൽ അധിഷ്ഠിതമായ സഭയുടെ പഠനങ്ങളും പ്രബോധനങ്ങളും വഴി സഭാമക്കളെ വിശ്വാസത്തിന്റെ പക്വതയിലേക്ക് നയിക്കുന്ന സഭയുടെ പ്രവർത്തനമാണിത്.

പ്രത്യാശയാണല്ലോ ഏതൊരു വ്യക്തിയേയും മുന്നിലേക്ക് നോക്കുവാനും സഞ്ചരിക്കുവാനും പ്രേരിപ്പിക്കുന്നത്. പ്രത്യാശയുടെ കിരണങ്ങൾ അസ്തമിച്ചാൽ നിരാശയുടെ ഇരുട്ട് പടരും. അപ്പോൾ ജീവിതത്തിന്റെ അർത്ഥം തന്നെ നഷ്ടപ്പെടുന്നതായി അനുഭവപ്പെടും. എമ്മാവൂസിലേക്ക് യാത്രയായ ശിഷ്യരോടൊപ്പം നടന്ന് വചനങ്ങൾ പങ്കുവെച്ച് അവരുടെ ഹൃദയം ജ്വലിപ്പിച്ച്, പ്രത്യാശ വളർത്തി വിശ്വാസം വർദ്ധിപ്പിച്ച്, അപ്പം മുറിച്ച് അവരുടെ വിശ്വാസം ഉറപ്പിച്ച സംഭവം വി. ലൂക്കായുടെ സുവിശേഷത്തിൽ 24-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നുണ്ടല്ലോ. അതിനാൽ വചനത്തിലൂടെയും വി. കൂദാശകളിലൂടെയും ആത്മീയ ശക്തി വർദ്ധിപ്പിച്ച് വിശ്വാസത്തിന്റെ നിറവിലേക്ക് ഓരോ വ്യക്തിയേയും നയിക്കണം.

പ്രത്യാശ ജീവിതത്തിൽ നിന്നും നഷ്ടപ്പെടുന്നതിന്റെ പ്രധാന കാരണം വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള ബോധ്യങ്ങൾ ഇല്ലാത്തതാണ്. മണൽപ്പുറത്ത് പണിതുയർത്തുന്ന ഭവനം കാറ്റടിക്കുമ്പോൾ തകർന്നുവീഴും. ഉറച്ച പാറമേൽ പണിയപ്പെടുന്ന ഭവനം കൊടുങ്കാറ്റടിച്ചാലും തകരാതെ നിലനിൽക്കും (ലൂക്ക. 6:47-49). നമ്മുടെ വിശ്വാസ പരിശീലന ക്ലാസ്സുകളിലൂടെ ദൃഢമായ ബോധ്യങ്ങൾ കുട്ടികളുടെ ഹൃദയങ്ങളിലേക്ക് പകരണം. എങ്കിലേ മാതാപിതാക്കളിലൂടെ പകർന്ന്

കിട്ടിയ വിശ്വാസം പരിപോഷിപ്പിക്കപ്പെട്ട് പക്വതയിലേക്ക് വളരുകയുള്ളൂ.

കുടുംബവർഷമായി ആചരിക്കുന്ന ഈ വർഷത്തിൽ മാതാപിതാക്കളോട് പറയുവാനുള്ളത് ഇതാണ്: കുടുംബമാണ് വിശ്വാസജീവിതത്തിന്റെ ആദ്യത്തെ പഠനക്കളരി. നിങ്ങളുടെ കുടുംബം ആരംഭിച്ചത് ദൈവാലയത്തിൽ നിന്നുമാണ്. വലതുകരം പിടിച്ച് ദൈവാലയത്തിന്റെ പടിയിറങ്ങിയപ്പോൾ നിങ്ങളെ സഭ ഏൽപ്പിച്ച ഉത്തരവാദിത്വം 'ജീവനും സ്നേഹവും' പങ്കുവച്ച് ക്രൈസ്തവജീവിതത്തിന്റെ പാവനതയും പരിശുദ്ധിയും കാത്തുസൂക്ഷിച്ച്, സമൂഹത്തിൽ ദീപമായി പ്രകാശിക്കുവാനും ലവണമായി തീരുവാനുമാണ്. നല്ല മാതാപിതാക്കളിൽ നിന്നും ഉത്തമമായ കുടുംബങ്ങളിൽ നിന്നുമാണ് സഭയ്ക്കും സമൂഹത്തിനും നന്മ പകരുന്ന മക്കളുണ്ടാവുകയുള്ളൂ. അതിനാൽ മാതാപിതാക്കളുടെ ക്രിസ്തീയജീവിതമാണ് മക്കളുടെ ജീവിതത്തിന്റെ ആദ്യ അനുകരണമാതൃകയാകുന്നത്. മക്കളുടെ വിശ്വാസപരിശീലനത്തിൽ മാതാപിതാക്കൾക്കുള്ള പങ്ക് അതുല്യമാണ്. കുടുംബത്തിൽ മാതാപിതാക്കൾ മക്കളുടെ ഹൃദയത്തിൽ വിതയ്ക്കുന്ന വിശ്വാസവിത്താണ് പിന്നീട് മതബോധന ക്ലാസ്സുകളിലൂടെ, അധ്യാപകർ നൽകുന്ന പരിശീലനത്തിലൂടെ വളർന്ന് പക്വതയിലേക്ക് നയിക്കപ്പെടുന്നത്. അതിനാൽ മാതാപിതാക്കൾ തങ്ങളുടെ മക്കളുടെ വിശ്വാസപരിശീലനത്തിൽ എപ്പോഴും ഏറെ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

പ്രിയ മതാധ്യാപകരെ, നിങ്ങളുടെ ദൗത്യത്തിൽ നിങ്ങൾ അഭിമാനം കൊള്ളുക; അത്രയേറെ മഹത്തായ പ്രവർത്തനമാണിത്. നിങ്ങളുടെ സേവനങ്ങളെ ഈ ദിവസം പ്രത്യേകം നന്ദിയോടെ അനുസ്മരിക്കുന്നു. വിശ്വാസസത്യങ്ങൾ പഠിപ്പിക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ നിറയേണ്ട ഒരു ചിന്ത നൽകുകയാണ്. പഠിപ്പിക്കുന്ന ഏതൊരു വ്യക്തിയും ക്രിസ്തുവിനായി എല്ലാവരെയും നേടേണ്ടതിന് "എല്ലാവർക്കും എല്ലാമായിത്തീരണം" (1 കൊറി.9:22). ഏൽപ്പിക്കപ്പെട്ടവരെല്ലാവരും ഒരേ തരത്തിലുള്ള മനുഷ്യർ ആണെന്നും തന്മൂലം എല്ലാ വിശ്വാസികളെയും ഒരേ രീതിയിൽ പഠിപ്പിക്കുകയും യഥാർത്ഥ ഭക്തിയിൽ രൂപപ്പെടുത്തുകയും ചെയ്യാമെന്നും അധ്യാപകർ സങ്കല്പിക്ക

രുത്. ചിലർ ക്രിസ്തുവിൽ നവജാതരാണ്. ചിലർ യൗവനത്തിലേക്ക് കടന്നുവന്നവരാണ്. ഇനിയും ചിലർ തങ്ങളുടെ കഴിവുകളുടെ മേൽ പൂർണ്ണസ്വാധീനമുള്ള മുതിർന്നവരാണ്. അതിനാൽ - വിശ്വാസ പരിശീലകർ വിശ്വാസരഹസ്യങ്ങളും ധാർമ്മിക നിയമങ്ങളും പഠിപ്പിക്കുമ്പോൾ അവരുടെ വാക്കുകളെ ശ്രോതാക്കളുടെ പക്വതയ്ക്കും ഗ്രഹണത്തിനും അനുരൂപപ്പെടുത്തണം. അതിനാൽ, വിശ്വാസ സത്യങ്ങൾ കുറവുകൂടാതെയും തെറ്റുകൂടാതെയും പഠിപ്പിക്കണം. കാരണം ഒരു വ്യക്തിയുടെ ജീവിതത്തെ ദൈവതിരുമുമ്പിലും സമൂഹമധ്യേയും നിർമ്മലമായി കാത്തുസൂക്ഷിക്കുവാൻ ദൈവവചനം പകർന്ന് പഠിപ്പിക്കേണ്ടവരാണ് വിശ്വാസപരിശീലകർ.

പ്രിയ കുഞ്ഞുങ്ങളെ, മധ്യവേനൽ അവധി കഴിഞ്ഞ് പുതിയ അധ്യയനവർഷത്തിലേക്ക് നിങ്ങൾ പ്രവേശിച്ചു കഴിഞ്ഞല്ലോ. ഏറെ കാര്യങ്ങൾ നിങ്ങൾക്ക് പഠിക്കുവാനുണ്ട്. സ്കൂളുകളിൽ നിന്നും നിങ്ങൾക്ക് ലഭിക്കുന്നത് കൂടുതലും ബൗദ്ധികമായ അറിവാണ്. ബുദ്ധിയുടെ വികസനത്തോടൊപ്പം ഹൃദയത്തിന്റെ ആഴവും വർദ്ധിക്കണം. എങ്കിലേ മനുഷ്യനെ മനുഷ്യനായി കാണുവാൻ കഴിയൂ.

നല്ല സമറായന്റെ ഉപമയിലെ സമറിയാക്കാരനെ നിങ്ങൾ ശ്രദ്ധിച്ചുവോ? അയാൾ ബുദ്ധികൊണ്ട് പഠിച്ച് ഹൃദയത്തിൽ നിറച്ചു. മറ്റൊരുവന് സഹായം ആവശ്യമായി വന്നപ്പോൾ, സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതുപോലെ "അവനെ കണ്ട് മനസ്സലിഞ്ഞ്, അവന്റെയടുത്ത് ചെന്ന് എണ്ണയും വീഞ്ഞുമൊഴിച്ച് അവന്റെ മുറിവുകൾ വച്ചുകെട്ടി..." (ലൂക്ക. 10:33-34). നമ്മുടെ സഹായം മറ്റുള്ളവർക്ക് ആവശ്യമുണ്ടാകുമ്പോൾ ചെയ്തുകൊടുക്കണമെങ്കിൽ വലിയ ഒരു ഹൃദയം വേണം. ആ ഹൃദയത്തിൽ യേശു വസിക്കണം. നമ്മുടെ വിശ്വാസപരിശീലനക്ലാസ്സുകളിലൂടെ നിങ്ങൾ പഠിക്കേണ്ടത് ദൈവവചനം വിശ്വസിച്ച്, പാലിച്ച്, വലിയ ഹൃദയമുള്ളവരായി, നിങ്ങളുടെ മാതാപിതാക്കളെയും ഗുരുജനങ്ങളെയും മുതിർന്നവരെയും കൂട്ടുകാരെയും എന്നുവേണ്ട എല്ലാവരെയും സ്നേഹിക്കുവാനും സഹായിക്കുവാനുമാണ്.

നിങ്ങൾ നേടുന്ന വിജ്ഞാനം ബൗദ്ധികതലത്തിൽ മാത്രം ഒതുങ്ങിനിൽക്കാനുള്ളതല്ല. അത് ഹൃദയതലത്തിലേക്ക് ഇറങ്ങി പ്രവൃത്തി

പഥത്തിലെത്തണം. അതിനാൽ നിങ്ങളുടെ ജീവിതത്തെ മനോഹര മാക്കുവാൻ വിശ്വാസപരിശീലന ക്ലാസ്സുകളിൽ യേശുവിനെ അനുഭ വിക്കുവാൻ ഏറെ താത്പര്യത്തോടും തീക്ഷ്ണതയോടെയും പങ്കു കൊള്ളണം. മതബോധനം ഇടവകയുടെ പ്രഥമവും പ്രധാനവുമായ ദൗത്യമാണ് എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. അത് "ശിശുക്കൾക്കും കുട്ടി കൾക്കും കൗമാരപ്രായക്കാർക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ഉള്ളതാണ്." അതിനാൽ, ഏറെ ഗൗരവത്തോടെ ഈ ദൗത്യം നിർവ്വ ഹിക്കാൻ ശ്രദ്ധിക്കണം.

വിശ്വാസ പരിശീലനത്തിന്റെ പുതിയ വർഷം ആരംഭിക്കുമ്പോൾ കഴിഞ്ഞവർഷം രൂപതാ ഫൊറോനാ തലങ്ങളിൽ +1, +2, ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകളിൽ ഉന്നതവിജയം നേടിയവരെ അനു മോദിക്കുന്നു. ഈ വിജയം നിങ്ങളുടെ ക്രൈസ്തവജീവിതത്തിന്റെ വിജയമാകണം. അവധിക്കാലത്ത് നമ്മുടെ രൂപതയിൽ "വിശ്വാസോ ത്സവം" നടത്തിയല്ലോ. മനോഹരമായി നടത്തിയ എല്ലാവരെയും അനുമോദിക്കുന്നു. തുടർന്നുള്ള വർഷങ്ങളിലും കുറവുകൾ പരിഹ രിച്ച് 'വിശ്വാസോത്സവം' ഭംഗിയായി ക്രമീകരിക്കുവാൻ ശ്രദ്ധിക്കണ മെന്ന് ഓർമ്മിപ്പിക്കുന്നു.

വിശ്വാസപരിശീലനത്തിന്റെ പ്രാധാന്യം കൂടുതൽ മനസ്സിലാ ക്കുവാനും ഫലപ്രദമായി നടത്തുവാനും ഈ മതബോധനഞായർ ആഘോഷം പ്രചോദനമേകണം. നമ്മുടെ രൂപതയിലെ മതബോധന പ്രവർത്തനങ്ങൾ ഏറ്റവും ഭംഗിയായി നടത്തുവാൻ എല്ലാവർക്കും കടമയുണ്ട്. കുർബാനമദ്ധ്യേ പ്രത്യേക പിരിവെടുത്ത് രൂപതാ കാര്യാ ലയത്തിൽ ഏൽപ്പിക്കണം.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2006 മെയ് മാസം 20-ാം തീയതി നൽകപ്പെട്ടത്.

+ ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

---

□□ :□ ഈ ഇടയലേഖനം 2006 ജൂൺമാസം 11-ാം തീയതി ഞായ റാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

**Prot. No. 4013/2006**
**Circular No. 01/2006**

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ കുട്ടികളെ,

നീണ്ട മധ്യവേനൽ അവധിക്കുശേഷം നിങ്ങൾ പുത്തനുടുപ്പുകളും പുത്തൻകുടയും പുതിയ പുസ്തകങ്ങളുമെല്ലാമായി വീണ്ടും സ്കൂൾ പഠനം ആരംഭിച്ചിരിക്കുകയാണല്ലോ. പുതിയ വർഷത്തിൽ നിങ്ങൾക്കേവർക്കും എല്ലാവിധ ആശംസകളും ധാരാളം ദൈവാനുഗ്രഹവും നേരുന്നു. തന്റെ മാതാപിതാക്കൾക്ക് വിധേയനായി ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്ന യേശു നിങ്ങൾക്ക് മാതൃകയാകട്ടെ. അതുപോലെതന്നെ അക്ഷരജ്ഞാനവും മാനസിക വെളിച്ചവും പകർന്നുതരുന്ന ഗുരുഭൂതരുടെ അനുഗ്രഹവും നിങ്ങൾക്കുണ്ടാകട്ടെ.

യേശു തന്റെ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ചതായി നാം വിശുദ്ധ ഗ്രന്ഥത്തിൽ വായിക്കുന്നു. അവിടുന്ന് ദൈവപുത്രനായിരുന്നു. അതുകൊണ്ട് മനുഷ്യരായ മാതാപിതാക്കളെ അനുസരിക്കേണ്ട ആവശ്യമില്ലായിരുന്നു. എങ്കിലും മനുഷ്യരായ നമുക്കൊരു മാതൃക നൽകുവാൻ വേണ്ടിയാണ് പിതാവായ ദൈവം ഇപ്രകാരമൊരു പദ്ധതി തയ്യാറാക്കിയത്. കുട്ടികളായിരിക്കുമ്പോൾ നമുക്ക് അറിവും പരിചയവും അനുഭവവും എല്ലാം കുറവായിരിക്കും. അതിനാൽ ശരിയായ പാതയിലൂടെ നടക്കണമെങ്കിൽ നമുക്ക് ആരുടെയെങ്കിലും മാർഗ്ഗനിർദ്ദേശം ആവശ്യമാണ്. അത് ആദ്യമായും പ്രധാനമായും ലഭിക്കുന്നത് മാതാപിതാക്കളിൽ നിന്നാണ്. തെറ്റേത് ശരിയേത് എന്നു നാം ആദ്യമായി തിരിച്ചറിയുന്നത് അവരിൽ നിന്നാണ്. ശരിയായ ധാർമ്മികജീവിതം നയിക്കുന്നതിന് നന്മതിന്മകളെപ്പറ്റിയുള്ള അറിവ് നമുക്ക് അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് കുട്ടികളായ നിങ്ങൾ നിങ്ങളുടെ ഇഷ്ടം മാതാപിതാക്കളെക്കൊണ്ട് നടപ്പാക്കിക്കുന്നതിനു പകരം അവരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് അതനുസരിച്ച് ജീവിക്കുകയാണ് വേണ്ടത്. അവർ പറയുന്ന കാര്യങ്ങൾ പ്രയാസമേറിയതായിരിക്കാം. പക്ഷേ അവ അനുസരിച്ചാൽ നിശ്ചയമായും നിങ്ങൾ വിജയത്തിലെത്തും.

ചെറുപ്പകാലത്തുതന്നെ ശരിയായ മനഃസാക്ഷി രൂപപ്പെടുത്തേ

ണ്ടത് അത്യാവശ്യമാണ്. നാമൊരു തെറ്റു ചെയ്യാൻ തുടങ്ങുമ്പോൾ 'അതു ചെയ്യരുത്'' എന്നു നമ്മുടെ ഉള്ളിൽ നിന്നൊരു സ്വരം കേൾക്കാം. അത് മനഃസാക്ഷിയുടെ സ്വരമാണ്. എന്നാൽ അങ്ങനെ കേൾക്കണമെങ്കിൽ നമ്മിൽ ശരിയായ മനഃസാക്ഷി രൂപപ്പെട്ടിരിക്കണം. അതിനുള്ള പരിശീലനവും കുടുംബത്തിൽ നിന്നാണ് നിങ്ങൾക്ക് കിട്ടുന്നത്. മാതാപിതാക്കൾ പറയുന്നത് അനുസരിക്കാതെ വാശി പിടിച്ച് അവർ പറയുന്നതിന് വിരുദ്ധമായോ അല്ലെങ്കിൽ വ്യത്യസ്ത മായോ കാര്യങ്ങൾ നടത്താൻ ശ്രമിച്ചാൽ നിങ്ങളുടെ പ്രതികരണം ഭയപ്പെട്ട് അവർ നിങ്ങൾ പറയുന്നതുപോലെ ചെയ്തുതന്നെന്നു വരും. അങ്ങനെ വന്നാൽ നിങ്ങളിൽ രൂപപ്പെടുന്നത് തെറ്റായ മനഃസാക്ഷിയും നിങ്ങൾ ചെന്നുചാടുന്നത് അപകടത്തിലുമായിരിക്കും.

തെറ്റായ മനഃസാക്ഷി രൂപീകരിക്കുന്നതിൽ ടെലിവിഷൻ പരി പാടികൾ വലിയൊരു പങ്കുവഹിക്കുന്നുണ്ട്. കൊല്ലും കൊലയും കളവും തെറി വിളിയ്ക്കലും ആത്മഹത്യയും മറ്റും മിടുക്കന്മാരുടെ ലക്ഷണമായിട്ടാണ് ഇന്ന് പല പരിപാടികളിലും അവതരിപ്പിക്കപ്പെടു ന്നത്. ഈ പരിപാടികൾ സ്ഥിരമായി കാണുന്നവർ അതു വിശ്വസി ക്കുകയും സ്വന്തം ജീവിതത്തിൽ പകർത്താൻ പരിശ്രമിക്കുകയും തെറ്റായ മനഃസാക്ഷിയുടെ ഉടമകളായിത്തീരുകയും ചെയ്യുന്നു. അതുകൊണ്ട് നല്ല പരിപാടികൾ മാത്രം കാണാനും അതുപോലും ഒരു പരിധിയ്ക്കപ്പുറം പോകാതിരിക്കാനും നിങ്ങൾ ശ്രദ്ധിക്കണം.

കുട്ടികളായ നിങ്ങളുടെ കടമ പ്രധാനമായും പഠിക്കുകയാണ്. പഠിക്കേണ്ട സമയത്ത് പഠിച്ചില്ലെങ്കിൽ പിന്നീട് അവസരം കിട്ടുക യില്ല. അതുകൊണ്ട് സമരങ്ങളും പഠിപ്പു മുടക്കലും ഒന്നും നിങ്ങ ളുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഉണ്ടാകാതിരിക്കട്ടെ എന്നാണെന്റെ ആശംസയും പ്രാർത്ഥനയും. സമരങ്ങളും ഹർത്താലുകളും ഇന്നു നമ്മുടെ നാട്ടിൽ രൂക്ഷമായിരിക്കുന്ന തൊഴിലില്ലായ്മയും ദാരിദ്ര്യവും വർദ്ധിപ്പിക്കാൻ മാത്രമേ ഉപകരിക്കുകയുള്ളൂ എന്ന കാര്യവും നിങ്ങൾ മറക്കാതിരിക്കുക. ക്രമസമാധാനവും രാഷ്ട്രീയ സ്ഥിരതയും ഉള്ളി ടത്ത് മാത്രമേ ആളുകൾ പണം നിക്ഷേപിക്കാൻ തയ്യാറാവുകയു ള്ളൂ. നാടിന്റെ വികസനത്തിന് അത്തരത്തിലുള്ള നിക്ഷേപങ്ങൾ കൂടിയേ കഴിയൂ.

പഠനത്തോടൊപ്പംതന്നെ ചെറുതൊഴിലുകളും കഴിയുന്നത്ര

നിങ്ങൾ ശീലിക്കണം. ഇക്കാര്യത്തിൽ പാശ്ചാത്യരാജ്യങ്ങൾ നമുക്ക് മാതൃകയാണ്. ഏതൊരു തൊഴിലും മാന്യമാണെന്നും എല്ലാവരും തൊഴിലെടുത്ത് ജീവിക്കണമെന്നുള്ള ചിന്ത അവരുടെ ജീവിതതത്വ മാണ്.ബിരുദവും ബിരുദാനന്തരബിരുദവും മറ്റും കഴിയുന്നതു വരെ മാതാപിതാക്കളെ ആശ്രയിക്കുന്ന സമ്പ്രദായം അവിടെയില്ല. അങ്ങനെ ആശ്രയിക്കുന്നത് മാന്യതയില്ലായ്മയായി അവർ കണ ക്കാക്കുന്നു. മാതാപിതാക്കൾ എത്ര പണക്കാരായാലും ഏതെല്ലാം വലിയ ഉദ്യോഗത്തിലായാലും മക്കൾ സ്വന്തമായി സമ്പാദിക്കാൻ ശ്രമിക്കുന്നു. എന്തു ജോലി എന്നു നാം ചോദിച്ചേക്കാം. ആലോചി ച്ചാൽ ധാരാളം ജോലികൾ നമുക്കും കണ്ടെത്താം. വയനാട്ടിലും കർണ്ണാടകത്തിലും സ്കൂൾ അവധിക്കാലത്ത് യാത്രചെയ്യുമ്പോൾ കാണുന്ന സ്ഥിരം കാഴ്ചയുണ്ട്: പാതയോരത്ത് രാവിലെ തന്നെ മുല്ലപ്പൂമാലകൾ വിൽക്കാൻ നിൽക്കുന്ന കുട്ടികൾ. ഇതെല്ലാം ചെയ്യ ണമെങ്കിൽ നമ്മുടെ മിഥ്യാഭിമാനം ഇല്ലാതാകണം. കഷ്ടപ്പെടാൻ മന സ്സുണ്ടാകുകയും വേണം.

പഠനമെന്നത് മാസാമാസം ശമ്പളം കിട്ടുന്ന സർക്കാർ ജോലി കിട്ടാനുള്ള മാർഗ്ഗമായി മാത്രം നാം കാണരുത്. ശാസ്ത്രീയമായി കൃഷി ചെയ്യണമെങ്കിൽപ്പോലും ഇന്ന് അറിവ് കൂടിയേ കഴിയൂ. അതു പോലെതന്നെ സ്വന്തം കാര്യം മാത്രം നോക്കാൻ പ്രാപ്തരാകുക യല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. നാമൊരു സമൂഹത്തിന്റെ ഭാഗ മാണ്. ഈ സമൂഹത്തിന്റെ മൊത്തം വികസനത്തിനുവേണ്ടി പ്രവർത്തിക്കാൻ പ്രാപ്തരാകുക എന്നതും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യ മാണ്. നമുക്കുവേണ്ടി സർക്കാർ മുടക്കുന്ന പണം ഈ നാട്ടിലെ പൗര ന്മാർ കൊടുക്കുന്ന നികുതിയിൽ നിന്നാണ്. അതുകൊണ്ട് തന്നെ പഠനം ഉത്തരവാദിത്വത്തോടെ പൂർത്തിയാക്കാനും സമൂഹത്തിന് വേണ്ടി പ്രവർത്തിക്കാനും നിങ്ങൾക്ക് കടമയുണ്ട്.

പുതുതായി ആരംഭിക്കുന്ന അദ്ധ്യയനവർഷത്തിൽ മേൽപ്പ റഞ്ഞ ചിന്തകൾ നിങ്ങളെ നയിക്കുകയും നിങ്ങൾക്ക് മാർഗ്ഗനിർദ്ദേശ മാകുകയും ചെയ്യട്ടെ. നമ്മുടെ കർത്താവിന്റെ കൃപ നിങ്ങൾക്കേ വർക്കും ധാരാളമായുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2006-ാമാണ്ട് മെയ് മാസം 25-ാം തീയതി നൽകപ്പെട്ടത്.

+ [signature]

+ ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB: ഈ സർക്കുലർ 2006 ജൂൺ മാസം 11-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# Vol. 3

Prot. No. 4133/2006

Pastoral Letter No. 02/2006

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ ഇടയനായ

മാർ ജോസ് പൊരുന്നേടം

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശ്ശന്മാർക്കും സന്യസ്തർക്കും അല്മായ സഹോദരർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്. നിങ്ങൾക്കേവർക്കും നമ്മുടെ കർത്താവിൽ കൃപയും സമാധാനവും.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ദൈവം നമുക്ക് നൽകിയിട്ടുള്ള മഹനീയദാനമാണ് നമ്മുടെ ജീവൻ. നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ്. അതായത് മനുഷ്യജീവനും മനുഷ്യജീവിതവും ദൈവീക ജീവനിലുള്ള പങ്കുപറ്റലാണ്. മറ്റൊരു ജീവിക്കും ഇല്ലാത്ത തരത്തിലുള്ള ബുദ്ധിയും വിവേകവും മനസ്സും വികാരവിചാരങ്ങളും അതിലെല്ലാമുപരി അമർത്യമായ ആത്മാവുംകൊണ്ടും മനുഷ്യൻ അലംകൃതനായിരിക്കുന്നു.

ദൈവം തന്ന ജീവൻ തിരികെ എടുക്കുവാൻ അവിടുത്തേയ്ക്ക് മാത്രമേ അവകാശമുള്ളു എന്ന വസ്തുത കത്തോലിക്കാ വിശ്വാസത്തിന്റെ ഭാഗമാണ്. അതിനുവിരുദ്ധമായി വിശ്വസിക്കുന്നതും തന്റേയോ മറ്റുള്ളവരുടേയോ ജീവനെ ഹനിക്കുന്നതും ഗൗരവമായ തെറ്റും പാപവുമാണ്. ജനിച്ച വ്യക്തിയുടേതായാലും ജനിക്കാത്ത വ്യക്തിയുടേതായാലും ജീവൻ അമൂല്യമാണ്. പ്രത്യക്ഷമായോ പരോക്ഷമായോ ജീവനെ ഹനിക്കുന്ന ഏതു പ്രവൃത്തിയും തെറ്റുതന്നെയാണ്. ദൈവവിശ്വാസികൾ, അതിലുപരി ക്രൈസ്തവ വിശ്വാസികൾ അങ്ങനെ ചെയ്യുന്നത് അവരുടെ വിശ്വാസവുമായി പൊരുത്തപ്പെടുന്നില്ല.

വിശുദ്ധഗ്രന്ഥം പറയുന്നു: "സകല ജീവജാലങ്ങളുടെയും പ്രാണനും മാനവരാശിയുടെ ജീവശ്വാസവും ദൈവത്തിന്റെ കര

ങ്ങളിലാണ്." (ജോബ് 12, 10) കത്തോലിക്കാ പ്രബോധനമനുസരിച്ച് ഗർഭധാരണ നിമിഷംമുതൽ മരണം വരെ ഓരോ മനുഷ്യജീവനും പാവനമാണ് (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം നമ്പർ 2319). അതുകൊണ്ട് "മനുഷ്യജീവിയെ കൊല്ലുന്നത് വ്യക്തിയുടെ മാഹാത്മ്യത്തിനും സ്രഷ്ടാവിന്റെ പരിശുദ്ധിയ്ക്കും എതിരായ ഗൗരവമുള്ള തിന്മയാണ്" (നമ്പർ 2320). ആത്മഹത്യ നീതിയ്ക്കും പ്രത്യാശയ്ക്കും സ്നേഹത്തിനുമെതിരായ ഗൗരവമുള്ള തെറ്റാണ്. അഞ്ചാം പ്രമാണം അതു വിലക്കുന്നു (നമ്പർ 2325).

"കൊല്ലരുത്" (പുറപ്പാട് 20, 13) എന്നത് ദൈവപ്രമാണമാണെങ്കിലും മനുഷ്യജീവനെ ഹനിക്കുന്ന അനേകം അവസരങ്ങൾ നാം ദിനംപ്രതി കണ്ടുമുട്ടുന്നുണ്ട്. അതിൽ പ്രത്യക്ഷമായവയുണ്ട്, പരോക്ഷമായവയുമുണ്ട്. നൂറുകണക്കിന് കൊലപാതകങ്ങളും ഗർഭച്ഛിദ്രങ്ങളും ദിവസേന നടക്കുന്നു. ഇതവ പാപത്തിന്റെ ഭവിഷ്യത്തുകളായ കോപവും അസൂയയും മനുഷ്യചരിത്രത്തിന്റെ ആരംഭം മുതൽ മനുഷ്യനിലുണ്ടെന്ന് കായേൻ തന്റെ സഹോദരനായ ആബേലിനെ വധിക്കുന്നതിന്റെ വിവരണത്തിലൂടെ വി. ഗ്രന്ഥം വെളിവാക്കുന്നു. (ഉൽപത്തി 4, 8-12). കായേന്റെ മേൽ ചൊരിയുന്ന ശാപവാക്കിലൂടെ നരഹത്യയുടെ തിന്മയെ ദൈവം വ്യക്തമാക്കുന്നു. "നീ എന്താണ് ചെയ്തത്? നിന്റെ സഹോദരന്റെ രക്തം മണ്ണിൽനിന്ന് എന്നെ വിളിച്ചു കരയുന്നു. നിന്റെ കയ്യിൽനിന്ന് നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വായ്പിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും" (ഉൽപ.4, 10-11) ദൈവം വീണ്ടും പറയുന്നു: "നിന്റെ ജീവരക്തത്തിന് ഞാൻ തീർച്ചയായും കണക്കു ചോദിക്കും.... മനുഷ്യരക്തം ചൊരിയുന്നവന്റെ രക്തം മനുഷ്യൻ തന്നെ ചൊരിയും. എന്തെന്നാൽ ദൈവത്തിന്റെ ഛായയിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്" (ഉൽപ. 9, 5-6).

മതത്തിന്റേയും പാർട്ടിയുടേയും ഭാഷയുടേയും ദേശത്തിന്റേയും പേരിൽ വഴക്കടിക്കുകയും പരസ്പരം കൊന്നു കൊലവിളിക്കുകയും ചെയ്യുന്ന നമ്മുടെ പ്രിയപ്പെട്ട നാടിനെ ഓർത്തു നാം ദൈവത്തിന്റെ മുമ്പിൽ കരഞ്ഞപേക്ഷിക്കണം, കായേന്റെ മേൽ ചൊരിഞ്ഞ ശാപവാക്കുകൾ നമ്മുടെമേൽ പതിക്കാതിരിക്കാൻ.

പരോക്ഷമായി ജീവനെ ഹനിക്കുന്ന സന്ദർഭങ്ങളും ഒട്ടും കുറവല്ല. അപകടങ്ങൾക്ക് കാരണമാകുംവിധം മദ്യപിച്ചും മയക്കുമരുന്നു കഴിച്ചും അല്ലാതെയും അശ്രദ്ധമായി വാഹനമോടിക്കുന്നതിലൂടെ അനേകായിരങ്ങളുടെ ജീവനാണ് നമ്മുടെ നിരത്തുകളിൽ പൊലിയുന്നത്. അങ്ങനെ ചെയ്യുന്നത് കുമ്പസാരത്തിൽ പറയേണ്ടതായ പാപമാണെന്ന് ഈ അടുത്തകാലത്ത് നമ്മുടെ ശ്രേഷ്ഠമെത്രാപ്പോലീത്താ തന്റെയൊരു ഇടയലേഖനത്തിൽ പ്രസ്താവിച്ചത് നിങ്ങൾ പത്രങ്ങളിൽ വായിച്ചുകാണും. മറ്റുള്ളവരുടെ ആരോഗ്യത്തിനും തത്ഫലമായി ജീവനും ഹാനികരമാകും വിധം മായംചേർത്തതും പഴകിയതുമായ ഭക്ഷണ പാനീയങ്ങൾ വിൽക്കുക, ഭക്ഷ്യവിളകളിലും മറ്റും മാരകമായ വിഷപ്രയോഗം നടത്തുക, ആവശ്യമായ അനുപാതത്തിൽ നിർമ്മാണ സാമഗ്രികൾ ചേർക്കാതെ റോഡ്, പാലം, കെട്ടിടങ്ങൾ, ജലസംഭരണികൾ, വൈദ്യുതി നിലയങ്ങൾ, വൈദ്യുതി ലൈനുകൾ തുടങ്ങിയവ നിർമ്മിക്കുക, സമയാസമയങ്ങളിൽ അവയുടെ അറ്റകുറ്റപ്പണികൾ നടത്താതിരിക്കുക, അത്യുഗ്രശേഷിയുള്ള സ്ഫോടക വസ്തുക്കൾ പെരുന്നാളുകൾ, ഉത്സവങ്ങൾ എന്നിവയോടനുബന്ധിച്ചും അല്ലാതെയും അലസമായും ആവശ്യമായ സുരക്ഷാക്രമീകരണങ്ങൾ ഇല്ലാതെയും കൈകാര്യം ചെയ്യുക എന്നിങ്ങനെ പരോക്ഷമായി ജീവനെ ഹനിക്കുന്നതിന്റെ ഉദാഹരണങ്ങൾ നിരവധിയാണ് തങ്ങളുടേയും സഹജീവികളുടെയും ജീവനെ മാനിക്കുകയും സംരക്ഷിക്കുകയും ചെയ്യാത്തവർ കൊലപാതകം തന്നെയാണ് നടത്തുന്നത്. കർത്താവ് പറയുന്നു: "കൊല്ലരുത്, കൊല്ലുന്നവൻ ന്യായവിധിക്ക് അർഹനാകും എന്നു പൂർവ്വികരോട് പറയപ്പെട്ടിട്ടുള്ളതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: സഹോദരനോട് കോപിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും." (മത്താ.5, 21-22)

ഒരാൾ മറ്റൊരാളുടെ ജീവനെ പ്രത്യക്ഷമായോ പരോക്ഷമായോ ഹനിക്കുന്നതിനെപ്പറ്റിയാണ് ഇതുവരെ പറഞ്ഞത്. എന്നാൽ ഇന്നൊരു പകർച്ചവ്യാധിപോലെ പടർന്നുപിടിച്ചിരിക്കുന്ന ആത്മഹത്യയെപ്പറ്റിയാണ് ഈ ഇടയലേഖനത്തിൽ മുഖ്യമായി പറയുവാൻ

യാനാഗ്രഹിക്കുന്നത്. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥത്തിൽ നാം ഇപ്രകാരം വായിക്കുന്നു. "തനിക്കു ജീവൻ നൽകിയ ദൈവത്തോട് ഓരോരുത്തനും അതിന് ഉത്തരവാദിയാണ്. അവിടുന്നാണ് ജീവന്റെ പരമാധികാരി. അവിടുത്തെ മഹത്വത്തിനും നമ്മുടെ ആത്മാക്കളുടെ രക്ഷയ്ക്കുമായി ജീവനെ നന്ദിയോടെ സ്വീകരിച്ച് സംരക്ഷിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. ദൈവം നമ്മെ ഏൽപിച്ചിരിക്കുന്ന ജീവന്റെ സൂക്ഷിപ്പുകാരാണ് നാം, ഉടമസ്ഥരല്ല. അത് കൈവിടാൻ പാടില്ല. (മ്പർ 2280). തന്റെ ജീവൻ സംരക്ഷിക്കുന്നതിനും തുടരുന്നതിനുമുള്ള മനുഷ്യന്റെ സ്വാഭാവികപ്രവണതയ്ക്കെതിരാണ് ആത്മഹത്യ. ന്യായമായ സ്വയം സ്നേഹത്തിന് തികച്ചും വിരുദ്ധമാണത്. അതുപോലെതന്നെ, അയല്ക്കാരനോടുള്ള സ്നേഹത്തെയും അതു വ്രണപ്പെടുത്തുന്നു. കാരണം നമുക്ക് തുടർന്നും കടപ്പാടുകളുള്ള കുടുംബം, രാഷ്ട്രം, അപരമനുഷ്യ സമൂഹങ്ങൾ എന്നിവയോടുള്ള ദൃഢൈക്യത്തിന്റെ ബന്ധങ്ങളെ അത് അന്യായമായി വിച്ഛേദിക്കുന്നു. ജീവിക്കുന്ന ദൈവത്തോടുള്ള സ്നേഹത്തിനും എതിരാണ് ആത്മഹത്യ (നമ്പർ 2281)

ആത്മഹത്യാ പ്രവണത അതീവ ഗുരുതരമായ ഒരു രോഗമാണെന്നതിൽ രണ്ടുപക്ഷമില്ല. അതുകൊണ്ട് അതിനുള്ള ചികിത്സയും വേദനാജനകം തന്നെയായിരിക്കും. കേരളമിന്ന് ആത്മഹത്യയുടെ നാടായി മാറിക്കൊണ്ടിരിക്കുന്നു എന്നത് നമുക്കെല്ലാം വ്യക്തമാണ്. കേരളത്തിൽത്തന്നെ വയനാട് ജില്ലയിലാണ് ആത്മഹത്യകൾ ഏറെയും നടക്കുന്നത്. അതും കർഷകരുടെ ഇടയിലാണ് ഭൂരിഭാഗവും. പലപ്പോഴും പലരും എന്നോട് ചോദിച്ചിട്ടുണ്ട്: സഭയ്ക്ക് ഇക്കാര്യത്തിൽ ഒന്നും ചെയ്യാനില്ലേ; എന്ന്. ധാരാളം ചെയ്യുവാനുണ്ട് എന്നുതന്നെയാണ് എന്റെ ഉത്തരവും. എന്നാൽ സഭയെന്നതുകൊണ്ട് മെത്രാന്മാരെയും വൈദികരെയും സന്യസ്തരെയും മാത്രമാണ് വിവക്ഷിക്കുന്നതെങ്കിൽ കാര്യമായൊന്നും ചെയ്യാനില്ല എന്നും ഞാൻ പറയാറുണ്ട്. സഭയെന്നു പറയുന്നത് എല്ലാ കത്തോലിക്കാ വിശ്വാസികളും ഉൾപ്പെട്ട സമൂഹമാണ്. അതിൽ സഭാനേതൃത്വവും ഉൾപ്പെടുന്നു. ഈ സമൂഹത്തിന്റെ കൂട്ടായതും ക്രിയാത്മകവുമായ പ്രവർത്ത

നമുണ്ടെങ്കിൽ മേൽപറഞ്ഞ സാമൂഹ്യപ്രതിസന്ധിയ്ക്ക് കുറച്ചെങ്കിലും പരിഹാരം കണ്ടെത്താൻ കഴിയും.

ആത്മഹത്യയുടെ കാരണങ്ങളാണ് ആദ്യം കണ്ടെത്തേണ്ടത്. എങ്കിലേ അനുയോജ്യമായ പരിഹാരം നിർദ്ദേശിക്കാൻ സാധിക്കുകയുള്ളൂ. കടക്കെണിയാണ് കർഷകരുടെ ആത്മഹത്യയ്ക്ക് കാരണമായി ഉയർത്തിക്കാട്ടുന്നത്. എന്നാൽ കടമൊന്നുമില്ലാത്തവരും ധാരാളമായി ആത്മഹത്യ ചെയ്യുന്നുണ്ട്. ഭേദമാക്കാൻ പറ്റാത്ത രോഗം വരുമ്പോൾ, പരീക്ഷയിൽ പരാജയം സംഭവിക്കുമ്പോൾ, മാതാപിതാക്കൾ കുട്ടികളെ ശാസിക്കുമ്പോൾ, ഇഷ്ടപ്പെട്ട പുരുഷനെയോ സ്ത്രീയെയോ വിവാഹം കഴിക്കാൻ പറ്റാതെവരുമ്പോൾ, കച്ചവടത്തിൽ പരാജയം സംഭവിക്കുമ്പോൾ, കൃഷി നശിക്കുമ്പോൾ എല്ലാം ആത്മഹത്യ ചെയ്യുന്നവരുടെ സംഖ്യ ഏറിവരികയാണ്. എന്നാൽ ഈ കാരണങ്ങളെല്ലാം ഉണ്ട് എന്ന് സമ്മതിക്കുമ്പോൾത്തന്നെ മറ്റു ചില അടിസ്ഥാന പ്രശ്നങ്ങളാണ് വ്യക്തികളെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്നത് എന്നു ഞാൻ വിശ്വസിക്കുന്നു. അവയെപ്പറ്റിയാണ് ഇനി പറയുന്നത്.

മനുഷ്യജീവൻ ദൈവത്തിന്റെ ദാനമാണെന്നും അത് തിരികെയെടുക്കുവാൻ ദൈവത്തിനു മാത്രമേ അവകാശമുള്ളൂ എന്നും വിശ്വസിക്കുന്നവരുടെ എണ്ണം നിർഭാഗ്യവശാൽ കത്തോലിക്കരുടെ ഇടയിൽതന്നെ കുറഞ്ഞു വരികയാണ്. അതുപോലെതന്നെ ദൈവത്തിന്റെ അവകാശം മനുഷ്യൻ കവർന്നെടുക്കുന്നത് ഗൗരവമായ പാപമാണ് എന്നും അതിന്റെ പ്രതിഫലം വരുംലോകത്തിൽ നരകമാണ് എന്നും വിശ്വസിക്കുന്നവർ ന്യൂനപക്ഷമാണെന്നും കാണാം. ഏതു പ്രതിസന്ധിയിലും തന്നെ കൈപിടിച്ചുയർത്തുവാനും സംരക്ഷിക്കുവാനും കർത്താവുണ്ട് എന്നതും ഈ ലോകത്തിനപ്പുറം മറ്റൊരു ജീവിതമുണ്ട് എന്ന വസ്തുതയും ഇന്നേതാണ്ട് വിസ്മൃതിയിലാണ്ടുകഴിഞ്ഞു. ദൈവവിശ്വാസവും മതജീവിതവും ചിന്തകളേയും ചെയ്തികളെയും സ്വാധീനിക്കാത്ത ആചാരങ്ങളിൽ ഒതുങ്ങുന്ന ഒന്നായി തരംതാഴുമ്പോൾ ഈ ലോകത്തിലെ കഷ്ടനഷ്ടങ്ങൾക്കിടയിൽ നട്ടംതിരിയുന്നതിലും നല്ലത് മരിക്കുകയാണ് എന്ന തീരുമാനത്തിൽ

മനുഷ്യൻ എത്തിച്ചേരുന്നതിൽ അത്ഭുതപ്പെടാനില്ല. ഈ ലോകത്തിനപ്പുറം ഒരു ജീവിതമോ ഇവിടുത്തെ ചെയ്തികൾക്കനുസൃതമായി പ്രതിഫലമോ അഥവാ ശിക്ഷയോ കിട്ടുമെന്ന് വിശ്വസിക്കാത്തവരെ സംബന്ധിച്ച് ഇവിടെ കഷ്ടപ്പെടുന്നതിൽ അർത്ഥമില്ലായ്മ തോന്നുന്നത് സ്വഭാവികം മാത്രം.

ഇന്നുള്ളതിലും അനേകമടങ്ങ് കഷ്ടപ്പാടും ദുരിതവും നിറഞ്ഞ ജീവിതമായിരുന്നു ഏതാനും ദശകങ്ങൾക്കു മുമ്പ് നമ്മുടെ നാട്ടിൽ പ്രത്യേകിച്ച് കുടിയേറ്റ മേഖലകളിൽ ഉണ്ടായിരുന്നത് എന്ന വസ്തുത ആരും ചോദ്യം ചെയ്യുമെന്ന് തോന്നുന്നില്ല. അന്ന് ആത്മഹത്യകൾ വിരളമായിരുന്നു എന്നതും വസ്തുതയാണ്. അതിനു കാരണം അന്നുണ്ടായിരുന്നവരുടെ വിശ്വാസജീവിതം അനുദിന ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരുന്നു എന്നതാണ്. അതുകൊണ്ട് ആത്മഹത്യകൾ ഇല്ലാതാകണമെങ്കിൽ ജീവിതബന്ധിയായ വിശ്വാസജീവിതവും ദൈവാശ്രയബോധവും വീണ്ടെടുക്കേണ്ടതുണ്ട്.

ഇത് സാധ്യമാകണമെങ്കിൽ മറ്റുപല കയ്പേറിയ നടപടികളും നാം സ്വീകരിച്ചേ മതിയാകൂ. മാധ്യമങ്ങളുടെ ഉപയോഗത്തിലുള്ള നിയന്ത്രണമാണ് അതിലൊന്ന്. കാരണം അതിലൂടെ കടന്നുവരുന്ന പല പരിപാടികളും ദൈവവിശ്വാസത്തെയും ദൈവാശ്രയബോധത്തെയും ധാർമ്മിക ചിന്തകളെയും ഇല്ലാതാക്കുന്നതാണ്. ദിവസത്തിന്റെ ഭൂരിഭാഗവും ടെലിവിഷന്റെയും ഇന്റർ നെറ്റിന്റെയും മുമ്പിൽ ചെലവഴിക്കുന്നവർ, പ്രത്യേകിച്ച് കുട്ടികൾ അവയിലൂടെ കിട്ടുന്ന തെറ്റായ ചിന്താഗതികൾക്ക് അടിമകളായിത്തീരും എന്നത് ആർക്കും ഊഹിക്കാവുന്ന കാര്യമാണ്. അതിൽനിന്നവരെ മോചിപ്പിക്കാൻ ഞായറാഴ്ചകളിൽ മാത്രം ലഭ്യമാകുന്ന മതബോധനത്തിനോ സുവിശേഷ പ്രസംഗത്തിനോ സാധിക്കും എന്നു തോന്നുന്നില്ല. അതുകൊണ്ട് ദൃശ്യമാധ്യമങ്ങളുടെ ഉപയോഗത്തിൽ നിയന്ത്രണങ്ങൾ വരുത്താനും ധാർമ്മികവും ക്രൈസ്തവവുമല്ലാത്ത ആശയങ്ങൾ പ്രചരിപ്പിക്കുന്ന പരിപാടികൾ കാണുകയില്ല എന്നും അവ കാണാൻ മക്കളെ അനുവദിക്കുകയില്ല എന്നും തീരുമാനിക്കാനും അവ നടപ്പാക്കാനും മാതാപിതാക്കൾ തയ്യാറാകണം. അതോടൊപ്പം കുടുംബ

ത്തിൽ അംഗങ്ങൾ ഒരുമിച്ചിരുന്നുള്ള പ്രാർത്ഥനയ്ക്കും ദൈവവചന പാരായണത്തിനും തുറന്ന സംഭാഷണത്തിനും മറ്റും സമയം കണ്ടെത്തുകയും വേണം. അതിനുപകരം ടെലിവിഷൻ പരിപാടികളുടെ സമയക്രമമനുസരിച്ച് മേൽപ്പറഞ്ഞ കാര്യങ്ങൾ മാറ്റിവയ്ക്കപ്പെടുകയോ വേണ്ടെന്നു വയ്ക്കപ്പെടുകയോ ചെയ്യുമ്പോൾ അത് തെറ്റായ സൂചനകളായിരിക്കും നൽകുന്നത്.

ഇത്തരുണത്തിൽ ശാലോം ടി.വി. ചെയ്തുകൊണ്ടിരിക്കുന്ന സേവനം എടുത്തുപറയേണ്ടതുണ്ട്. കുട്ടികൾക്കും മുതിർന്നവർക്കും പറ്റിയതും ക്രിസ്തീയ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമായ പരിപാടികൾ സംപ്രേഷണം ചെയ്യുന്ന നല്ലൊരു ചാനലാണ് ശാലോം ടി.വി. ആ പരിപാടികൾ പ്രേഷകരെ ദൈവാഭിമുഖ്യമുള്ളവരും ക്രൈസ്തവ ധാർമ്മിക മൂല്യങ്ങളിൽ അടിയുറച്ചവരും ആക്കിത്തീർക്കും എന്നത് നിസ്സംശയമാണ്. ആത്മാവിനെന്നപോലെ മനസ്സിനും ഉന്മേഷം നൽകുന്നവയാണ് ശാലോം ടിവിയിലെ പരിപാടികൾ.

വയനാട് ജില്ലയിലെ കർഷകരുടെ ആത്മഹത്യ കടക്കെണിമൂലമാണ് എന്നാണ് പത്രങ്ങൾ എഴുതാറ്. എന്നാൽ എന്താണ് ആ കടക്കെണിയുടെ അടിസ്ഥാന കാരണം എന്നോ അതിന് പരിഹാര മാർഗ്ഗം എന്തെന്നോ അധികമാരും എഴുതാറില്ല. ഈ കാരണങ്ങൾ കണ്ടെത്തി അവയെ ഇല്ലായ്മ ചെയ്യുകയാണ് ആത്മഹത്യകൾ കുറയ്ക്കാനുള്ള രണ്ടാമത്തെ മാർഗ്ഗം. മാധ്യമങ്ങൾ ആത്മഹത്യകളെ മഹത്വീകരിച്ചുകഴിഞ്ഞു. അതിനൊരു രക്തസാക്ഷി പരിവേഷവും കൊടുത്തിരിക്കുന്നു. വലിയൊരു ത്യാഗപ്രവൃത്തിയെന്നോ ധീരകൃത്യമെന്നോ ആത്മഹത്യകൾ അറിയപ്പെടുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തിനിൽക്കുന്നു. അതുപോലെ തന്നെ കടക്കെണിയിൽപ്പെട്ടാൽ പിന്നെ ആത്മഹത്യയല്ലാതെ വേറെ മാർഗ്ഗങ്ങൾ ഒന്നുമില്ല എന്നും ചിന്തിയ്ക്കത്തക്കവിധത്തിൽ ചഞ്ചലമനസ്സുകളെ മാധ്യമങ്ങൾ പാകപ്പെടുത്തിക്കഴിഞ്ഞു. അതുകൊണ്ടുതന്നെ കൂടുതലാളുകൾ ഈ വഴി തെരഞ്ഞെടുക്കാൻ മുന്നോട്ടു വരുന്നു. ഏതു പ്രതിസന്ധിയിലും തകർന്ന് പോകാതിരിക്കാനും കടങ്ങൾ ഉണ്ടാകാതിരിക്കാനുമുള്ള മാർഗ്ഗങ്ങളെപ്പറ്റി ചർച്ചചെയ്യുവാൻ മാധ്യമങ്ങൾ വേദിയൊരുക്കുക

യാണെങ്കിൽ വലിയൊരു സാമൂഹ്യ പ്രതിബദ്ധതയായിരിക്കും അവർ നിറവേറ്റുന്നത്. വിരളമായെങ്കിലും അങ്ങനെ സംഭവിക്കുന്നുണ്ടെങ്കിലും അതിന്റെ അടിസ്ഥാന കാരണങ്ങളിലേയ്ക്ക് കടക്കാതെ കാലാകാലങ്ങളിൽ മാറിവരുന്ന സർക്കാരുകളെ കുറ്റം പറഞ്ഞ് അവസാനിപ്പിക്കുകയാണ് ചെയ്യുന്നത്.

കടക്കെണിയുടെ ഒരു പ്രധാനകാരണം കടമെടുക്കുന്ന തുക ഉൽപാദനപരമായി ഉപയോഗിക്കപ്പെടുന്നില്ല എന്നതാണ്. ഉല്പാദന പ്രക്രിയകളിൽ പ്രധാനപ്പെട്ട ഒന്നായ കൃഷി നശിക്കുമ്പോഴും കച്ചവടം, വ്യവസായം എന്നിവ നഷ്ടത്തിലാകുമ്പോഴും കടക്കെണിയുണ്ടാകാം എന്ന വസ്തുത ഞാൻ മറക്കുന്നില്ല. എന്നാൽ എല്ലാ കടങ്ങളും അങ്ങനെയുണ്ടാകുന്നതല്ല എന്നെനിയ്ക്കു തോന്നുന്നു. വിവാഹം, വീട്ടുപണി, ആഘോഷങ്ങൾ തുടങ്ങിയ ഉൽപാദനപരമല്ലാത്ത കാര്യങ്ങൾക്കായി കടമെടുത്ത പണം ഉപയോഗിക്കപ്പെടുന്നു എന്നത് വസ്തുതയാണ്. അതുപോലെതന്നെ ചികിത്സകൾക്കായും പണം കടം വാങ്ങേണ്ടിവരുന്നുണ്ട്. ഇതിനെല്ലാം പണം കണ്ടെത്തേണ്ടേ എന്ന ചോദ്യവും പ്രസക്തമാണ്. മക്കളുടെ വിദ്യാഭ്യാസത്തിന് കടമെടുക്കുന്ന പണം ഉത്പാദനപരമാണെങ്കിലും അവരവരുടെ സ്വത്തിനും വരവിനും ആനുപാതികമല്ലെങ്കിൽ കടക്കെണിയായിരിക്കും ഫലം.

നേഴ്സിംഗ് പഠനത്തിന് ഭീമമായ സംഖ്യ കടമെടുത്ത് പലരും മക്കളെ അയക്കുന്നുണ്ട്. ഇങ്ങനെ പഠിച്ചിറങ്ങുന്ന കുട്ടികളിൽ ചെറിയൊരു ശതമാനത്തിനുമാത്രമേ വിദേശത്ത് ജോലി കണ്ടെത്തി അവരുടെ പഠനകാലത്തെ കടം വീട്ടാൻ അവസരം കിട്ടുകയുള്ളൂ. ബാക്കിയുള്ളവർ ഇന്ത്യയിൽത്തന്നെ ജോലി കണ്ടെത്തേണ്ടിവരും. ഇവിടെ കിട്ടുന്ന ശമ്പളമാകട്ടെ കടം വീട്ടാൻ തികയുകയുമില്ല.

വീടുപണി, വിവാഹം, ആഘോഷങ്ങൾ തുടങ്ങിയ ഉത്പാദനപരമല്ലാത്ത പ്രവൃത്തികൾക്ക് ഒരിക്കലും കടമെടുക്കാതിരിക്കുക, മക്കളുടെ വിദ്യാഭ്യാസത്തിനും വിവാഹത്തിനും അവർ ജനിക്കുമ്പോൾതന്നെ ദൂരക്കാഴ്ചയോടെ പദ്ധതികൾ ആവിഷ്ക്കരിക്കുക, ചികിത്സാചെലവുകളും മറ്റും നടത്താനായി ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിൽ ചേരുക, കുടുംബ ബഡ്ജറ്റ് ഓരോ വർഷവും

യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുകയും കഴിയുന്നത്ര അതനുസരിച്ച് മാത്രം ചെലവുകൾ ചെയ്യാനും തയ്യാറാവുക, സ്വന്തം ഭക്ഷണാവശ്യത്തിനെങ്കിലുമുള്ള പച്ചക്കറി, മത്സ്യമാംസാദികൾ എന്നിവ വീട്ടിൽ ഉൽപാദിപ്പിക്കുക തുടങ്ങിയവയെല്ലാം കടങ്ങൾ കുറയ്ക്കാനുള്ള മാർഗ്ഗങ്ങളാണ്. ഒന്നോ രണ്ടോ മാസങ്ങൾകൊണ്ട് ചെയ്യാൻ പറ്റുന്ന കാര്യങ്ങളല്ല ഇവ. പക്ഷേ തത്ക്കാലം കഷ്ടത അനുഭവിച്ചാണെങ്കിലും അവ തുടങ്ങിവച്ചാൽ ഏതാനും വർഷങ്ങൾകൊണ്ടെങ്കിലും സ്ഥിതിഗതികൾ മെച്ചപ്പെടും.

അതിരുകടന്ന ആഡംബരഭ്രമവും ജോലിയെപ്പറ്റിയും മറ്റുമുള്ള മിഥ്യാഭിമാനവും കടക്കെണിയുടെ മറ്റുചില കാരണങ്ങളാണ്. മാമ്മോദീസാ, ആദ്യകുർബാന, വിവാഹം, തിരുപ്പട്ടം, വ്രതവാഗ്ദാനം, ഇപ്പറഞ്ഞവയിൽ ചിലതിന്റെ ജൂബിലികൾ തുടങ്ങിയ അവസരങ്ങളിലെല്ലാം ഈ ആർഭാടഭ്രമം കാണാറുവുന്നതാണ്. ക്ഷണിതാക്കളുടെ എണ്ണം, സദ്യയിലെ വിഭവങ്ങളുടെ വൈവിധ്യം, അലങ്കാരങ്ങളുടെ ആധിക്യം എന്നിവയിൽ കുറവുവരുത്തി അവയെ ലളിതമാക്കുകയും അവയുടെ ശരിയായ ആധ്യാത്മിക ചൈതന്യം കാത്തുസൂക്ഷിക്കുകയും ചെയ്താൽ കടക്കെണി കുറെയധികം ഇല്ലാതാകുമെന്നാണ് എന്റെ അഭിപ്രായം. അയൽക്കാരൻ ആഘോഷിക്കുന്നതുപോലെ എനിക്കും ആഘോഷിക്കണം എന്ന ചിന്ത ആപത്ക്കരമാണ്. ഒരു പക്ഷേ കുട്ടികളാകാം ഇതിനായി മാതാപിതാക്കളെ പ്രേരിപ്പിക്കുന്നത്. അവരുടെ സാമ്പത്തിക നില എന്തെന്നും കടം വാങ്ങി ആഘോഷങ്ങൾ നടത്തിയാൽ ഉണ്ടാകാവുന്ന ദുരന്തം എന്തെന്നും മാതാപിതാക്കൾ കുട്ടികളെ പറഞ്ഞു മനസ്സിലാക്കേണ്ടതുണ്ട്.

ആഘോഷങ്ങളുടെ ചെലവ് വർദ്ധിപ്പിക്കുന്ന പ്രധാന ഘടകം മദ്യപാനമാണ്. മാമ്മോദീസ, ആദ്യകുർബാന തുടങ്ങിയ അവസരങ്ങളുടെ വിശുദ്ധി നശിപ്പിക്കാനും കുട്ടികൾക്ക് ഉതപ്പ് കൊടുക്കാനും മദ്യപാനം കാരണമാകുന്നു. മദ്യം ഒഴിവാക്കിയാൽ ആഘോഷങ്ങളുടെ ചെലവ് ഗണ്യമായി കുറയും.

പെട്ടെന്ന് പണക്കാരാകാനുള്ള ത്വരയും വെള്ളക്കോളർ ജോലി മാത്രം ജോലിയായി കണക്കാക്കി അതിനുവേണ്ടി അലയുന്ന ശീലവും പ്രത്യേകിച്ച് യുവാക്കൾ മാറ്റേണ്ടതുണ്ട്. ഏതു ജോലിയും മാന്യമാണെന്നും അതിലൊന്നും അഭിമാനക്കുറവില്ലെന്നും നാം മനസ്സിലാ

ക്കിയാൽ ഏറെ കടം വാങ്ങേണ്ടി വരികയില്ല. ആയിരക്കണക്കിന് തൊഴിലാളികൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തി ജോലിയെടുത്ത് നല്ലൊരു സംഖ്യയുമായി സ്വന്തം നാടുകളിലേക്ക് തിരിച്ചു പോകുന്നുണ്ട്. തൊഴിലില്ലായ്മ കൊണ്ടു വീർപ്പുമുട്ടുന്നു എന്നു പറയുന്ന നാം അൽപം കൂടി അദ്ധ്വാനിക്കാനും ക്ഷമയോടു കൂടി കാത്തിരിക്കാനും തയ്യാറായാൽ ഇവിടെത്തന്നെ ധാരാളം ജോലികൾ കണ്ടെത്താൻ കഴിയും. അതിലൂടെ കടം വാങ്ങാതെ ജീവിക്കാൻ സാധിക്കുകയും ചെയ്യും.

ചുരുക്കത്തിൽ, സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രവണത ഇല്ലാതാക്കുവാൻ സഭയായ നാമെല്ലാവരും ഒത്തൊരുമിച്ച് മേൽ സൂചിപ്പിച്ച കാര്യങ്ങൾ നടപ്പാക്കാൻ തയ്യാറാകണം. അതിന് സഭാനേതൃത്വത്തിലുള്ളവർ മാതൃകയും പ്രേരണയുമാകുകയും വേണം. മിഥ്യാഭിമാനവും ആഡംബരഭ്രമവും വെടിഞ്ഞ്, ലളിതജീവിതത്തിലേക്കും കഠിനാദ്ധ്വാനത്തിലേക്കും ശാസ്ത്രീയമായ ജീവിതക്രമത്തിലേക്കും കൃഷിരീതികളിലേക്കും നമുക്ക് തിരിയാം. അതിനെല്ലാമുപരി ദൈവത്തിന്റെ ദാനമാണ് മനുഷ്യജീവൻ എന്നു വിശ്വസിക്കുകയും അത് തിരിച്ചെടുക്കാനുള്ള അവകാശം ദൈവത്തിന് വിട്ടുകൊടുക്കുകയും ചെയ്യാം. കർത്താവ് എപ്പോഴും നമ്മോടൊത്തുണ്ടെന്നും ഏതു പ്രതിസന്ധിയെയും തരണം ചെയ്യാനുള്ള ശക്തി അവിടുന്ന് പ്രദാനം ചെയ്യുമെന്നും നമുക്ക് ഉറച്ചു വിശ്വസിക്കാം. ഈ വിശ്വാസം നമുക്ക് കൂടുതൽ ആത്മവിശ്വാസം തരികയും തുടർന്നു ജീവിക്കാനുള്ള കരുത്തു നൽകുകയും ചെയ്യും.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- ഈ ഇടയലേഖനം ജൂലൈ 16-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# Vol. 4

**Prot. No. 4207/2006**
**Circular Letter No. 03/2006**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കത്തോലിക്കാ വിശ്വാസജീവിതത്തിന്റെ അവിഭാജ്യഘടകമാണ് പുരോഹിതരും പൗരോഹിത്യധർമ്മാനുഷ്ഠാനവും. ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും കർത്താവിന്റെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നുണ്ട്. എന്നാൽ അതോടൊപ്പം ശുശ്രൂഷാ പൗരോഹിത്യവും സഭയിൽ നിലനിൽക്കുന്നു. ഇന്നു കാണുന്ന രീതിയിലുള്ള പുരോഹിതരും പൗരോഹിത്യ ധർമ്മാനുഷ്ഠാനവും വൈദികപരിശീലന പദ്ധതികളും ആദിമ സഭയിൽ ഉണ്ടായിരുന്നില്ല എന്നതു സത്യമാണ്. ഓരോകാലഘട്ടത്തിന്റേയും ആവശ്യങ്ങളും പ്രത്യേകതകളും ഉൾക്കൊണ്ട് വളർന്നുവന്നിട്ടുള്ളതാണ് അത്.

മുൻകാലങ്ങളിൽ ധാരാളം യുവാക്കന്മാർ നമ്മുടെ സഭയിൽ വൈദികജീവിതം തെരഞ്ഞെടുത്തിരുന്നു. എന്നാൽ ഇന്ന് അങ്ങനെ വരുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. അതിന് കാരണങ്ങൾ പലതാണ്. വിശ്വാസജീവിതത്തിന് വന്ന വിലയിടിവാണ് അതിൽ മുമ്പിൽനിൽക്കുന്നത്. കുട്ടികളുടെ എണ്ണത്തിൽവന്ന കുറവ്, വർദ്ധിച്ചുവരുന്ന ജോലിസാധ്യതകൾ, സഭയ്ക്കുള്ളിൽ തന്നെയുള്ള ഛിദ്രങ്ങൾ, ശരിയായ മാതൃകകളുടെ അഭാവം തുടങ്ങിയവയെല്ലാം കാരണങ്ങൾതന്നെ. വൈദികജീവിതത്തോട് ആഭിമുഖ്യം കുറഞ്ഞു വരുന്നുവെങ്കിലും പ്രതിബദ്ധതയുള്ളവരും വിശുദ്ധരുമായ വൈദികരെ ഇന്നും സമൂഹം ആദരിക്കുന്നുണ്ട്. അങ്ങനെയുള്ളവർക്ക് സമൂഹത്തിൽ ധാരാളം ചെയ്യാനുമുണ്ട്.

വൈദികരുടെ കുറ്റങ്ങളും കുറവുകളും പെരുപ്പിച്ച് കാണിച്ച് യുവാക്കളെ ആ ജീവിതത്തിൽനിന്ന് അകറ്റുന്നതിന് പകരം അതൊരു വെല്ലുവിളിയായി സ്വീകരിച്ച് വിശുദ്ധരായി ജീവിക്കാനും ദൈവജനത്തിന് സേവനം ചെയ്യാനും അതിൽ സന്തോഷം കണ്ടെത്തുവാനും അവരെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ പ്രഥമവും പ്രധാനവുമായ പങ്ക് മാതാപിതാക്കളുടെയാണ്. തങ്ങളുടെ കുട്ടികൾ വൈദികജീവിതത്തിലേയ്ക്ക് കടന്നുവരുന്നതിൽ അഭിമാനം കൊള്ളുകയും അവർക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യണം. അതല്ലെങ്കിൽ പടിഞ്ഞാറൻ രാജ്യങ്ങളിൽ വന്നു ചേർന്നിരിക്കുന്ന ശോചനീയാവസ്ഥ ഇവിടേയ്ക്കും വ്യാപിക്കാൻ അധികകാലം വേണ്ടിവരുകയില്ല.

വൈദികപരിശീലനത്തിന് വേണ്ടിവരുന്ന ഭീമമായ ചെലവാണ്

നമ്മുടെ മറ്റൊരു പ്രധാനചിന്താവിഷയം. ഏതാനും ദശകങ്ങൾക്ക് മുമ്പുവരെ പഠനച്ചെലവിൽ നല്ലൊരുപങ്ക് മാതാപിതാക്കൾ തന്നെ ഏറ്റെടുത്തിരുന്നു. എന്നാൽ ഇന്ന് ആ സ്ഥിതിയാകെ മാറിക്കഴിഞ്ഞു. പലർക്കും സാമ്പത്തികബുദ്ധിമുട്ടുകൾ ഉണ്ട്. സമ്പത്തുള്ളവർക്ക് കൊടുക്കാനുള്ള മനസ്സും ഉണ്ടാകുന്നില്ല. രൂപതയ്ക്കുവേണ്ടിയല്ലേ അവർ വൈദികരാകുന്നത്. അതുകൊണ്ട് ചെലവെല്ലാം രൂപത വഹിക്കട്ടെ എന്നൊരു മനോഭാവമാണ് ഇന്ന് കണ്ടുവരുന്നത്. മേൽപ്പറഞ്ഞ മനോഭാവക്കാർ രൂപത എന്നതുകൊണ്ട് വിവക്ഷിക്കുന്നത് രൂപതാ നേതൃത്വത്തെയാണ് എന്ന് വ്യക്തമാണ്. അത് തെറ്റായ മനോഭാവമാണ് എന്നു പറയേണ്ടതില്ലല്ലോ. രൂപതയെന്നു പറയുന്നത് ഇവിടുത്തെ ദൈവജനമാണ്. അതിൽ രൂപതാ നേതൃത്വത്തിൽ ഉള്ളവരും ഉൾപ്പെടുന്നുണ്ട്. അങ്ങനെയെങ്കിൽ ഈ ദൈവജനമാണ് വൈദികപരിശീലനത്തിനുള്ള വക കണ്ടെത്തേണ്ടതും അതിനുള്ള മറ്റു ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടതും. കാരണം തങ്ങളുടെ വിശ്വാസജീവിതമാണ് അല്ലെങ്കിൽ പ്രതിസന്ധിയിലാകുന്നത്. മാത്രമല്ല സേവനം സ്വീകരിക്കുന്നവരാണല്ലോ അതു നൽകുന്നവരെ പരിശീലിപ്പിക്കാനും പരിരക്ഷിക്കാനും ത്യാഗങ്ങൾ അനുഷ്ഠിക്കേണ്ടത്. നമ്മുടെ സഭയിൽ ആദിമ നൂറ്റാണ്ടുകളിൽ ഓരോ സ്ഥലത്തേയും വിശ്വാസികളുടെ സമൂഹം അവരവരുടെ ആവശ്യാനുസരണം സ്വന്തം ചെലവിൽ വിദ്യാർത്ഥികളെ പരിശീലിപ്പിച്ച് വൈദികരാക്കുകയും അവരെ സംരക്ഷിക്കുകയുമാണ് ചെയ്തുപോന്നിരുന്നത്. അന്ന് ഇന്നുള്ളതുപോലെ രൂപത, ഇടവക, സെമിനാരി തുടങ്ങിയ സംവിധാനങ്ങളൊന്നും ഇല്ലായിരുന്നു എന്നത് എടുത്തുപറയേണ്ടതാണ്. എന്നാൽ 16-ാം നൂറ്റാണ്ടിൽ ത്രെന്തോസ് സൂനഹദോസിന്റെ നിർദ്ദേശപ്രകാരം സെമിനാരി പരിശീലന സമ്പ്രദായം പടിഞ്ഞാറൻ രാജ്യങ്ങളിൽ ആരംഭിച്ചു. ഏതാണ്ട് അതേ കാലഘട്ടത്തിൽത്തന്നെ ലത്തീൻ സഭയിൽപ്പെട്ട പോർച്ചുഗീസ് മിഷനറിമാർ തെക്കേ ഇന്ത്യയിലെത്തുകയും ഇവിടെ സെമിനാരികൾ സ്ഥാപിച്ച് വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിക്കാൻ ആരംഭിക്കുകയും ചെയ്തു. അന്നു തുടങ്ങിയ സെമിനാരികളുടെ തുടർച്ചയായി ഇന്നും ആലുവ മംഗലപ്പുഴ സെമിനാരിയും കാർമ്മൽഗിരി സെമിനാരിയും നിലകൊള്ളുന്നു. സെമിനാരികളുടെ നടത്തിപ്പിനാവശ്യമായ പണം പോർച്ചുഗീസ് രാജാവിൽനിന്നായിരുന്നു ലഭിച്ചിരുന്നത്.

പിന്നീട് ഏതദ്ദേശീയ മെത്രാന്മാർ സഭാനേതൃത്വത്തിൽ വന്നെങ്കിലും അന്നുണ്ടായിരുന്ന ഏകസെമിനാരി - ആലുവാ സെന്റ്

ജോസഫ്സ് - നടത്തിയിരുന്നത് വിദേശമിഷണറിമാർ തന്നെയായി രുന്നു. അവരാകട്ടെ സെമിനാരി നടത്തിപ്പിനുള്ള പണം തങ്ങളുടെ സ്വന്തം നാടുകളിലുള്ള ഉപകാരികളിൽ നിന്ന് കണ്ടെത്തിയിരുന്നു. അതേസമയം വിദ്യാർത്ഥികളുടെ വ്യക്തിഗത ചെലവുകൾ അവരുടെ മാതാപിതാക്കളും വഹിച്ചുപോന്നു.

1970-കളുടെ മദ്ധ്യത്തിൽ ആലുവാ സെമിനാരിയുടെ നടത്തിപ്പ് തദ്ദേശീയ മെത്രാൻ സമിതിയെ ഏൽപിച്ചു. അതിനുമുമ്പേതന്നെ കോട്ടയം വടവാതൂർ സെന്റ് തോമസ് മേജർ സെമിനാരി സീറോ മലബാർ സഭയുടെ നേതൃത്വത്തിൽ തുടങ്ങിയിരുന്നു. ഈ രണ്ടു സെമിനാരികളുടേയും നടത്തിപ്പിനുള്ള പണത്തിന്റെ ഗണ്യഭാഗവും കൊടുത്തുകൊണ്ടിരുന്നത് യൂറോപ്പിലും അമേരിക്കയിലും ഉള്ള ചില വ്യക്തികളും സംഘടനകളുമായിരുന്നു. ഈ സെമിനാരികൾക്കു പുറമേ വൈദിക വിദ്യാർത്ഥികളെ മംഗലാപുരം, പൂന തുടങ്ങിയ സ്ഥലങ്ങളിലുള്ള മറ്റു മേജർ സെമിനാരികളിലും അയച്ചിരുന്നു. അവി ടേയും അവരുടെ ചെലവുകൾ മേൽപ്പറഞ്ഞ പ്രകാരംതന്നെയായി രുന്നു നടത്തിയിരുന്നത്.

എന്നാൽ കഴിഞ്ഞ കുറേ വർഷങ്ങളായി പടിഞ്ഞാറൻ രാജ്യ ങ്ങളിൽ വിശ്വാസം ക്ഷയിക്കുകയും വിശ്വാസികളുടെ എണ്ണത്തിൽ വലിയ കുറവുണ്ടാവുകയും ചെയ്തതോടെ വിദേശത്തുനിന്നുള്ള സംഭാവനകളുടെ അളവും കുറഞ്ഞു തുടങ്ങി. അതേസമയം ഇവിടെ ചെലവുകൾ വർദ്ധിക്കുകയും മാതാപിതാക്കളിൽ നിന്നുള്ള സാമ്പ ത്തിക സഹകരണം തീർത്തും കുറയുകയും ചെയ്തു. അതുകൊണ്ട് ഓരോ രൂപതയിൽ നിന്നും പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി സെമിനാരിയിൽ ചെലവാകുന്ന സംഖ്യയുടെ ഓഹരി രൂപതകളിൽ നിന്ന് കൊടുക്കണം എന്ന നിലപാടാണ് ഇപ്പോ ഴുള്ളത്. രൂപതാ നേതൃത്വം മാത്രം പരിശ്രമിച്ചാൽ ഇത്രയും വലിയ തുക കണ്ടെത്താൻ എളുപ്പമല്ലതാനും.

മൈനർ സെമിനാരിയിൽ പ്ലസ്ടു അടക്കം മൂന്നുവർഷം, മൂന്നു വർഷം തത്വശാസ്ത്രപഠനം, ഒരു വർഷം റീജൻസി, രണ്ടുവർഷം ബിരുദാനന്തര പഠനം, നാലുവർഷം ദൈവശാസ്ത്രപഠനം ഈ ക്രമ ത്തിലാണ് നമ്മുടെ വൈദികവിദ്യാർത്ഥികൾ ഇപ്പോൾ പരിശീലിപ്പിക്ക പ്പെടുന്നത്. ഏതാനും വർഷങ്ങൾക്കുള്ളിൽ മൈനർ സെമിനാരി പഠ നത്തിനുശേഷം ബിരുദപഠനംകൂടി കഴിഞ്ഞശേഷം തത്വശാസ്ത്ര പഠനത്തിനായി കുട്ടികളെ അയയ്ക്കുന്ന കാര്യവും ചർച്ചചെയ്യപ്പെ ടുന്നുണ്ട്. മേജർ സെമിനാരികളിൽ ആ നിയമം പ്രാബല്യത്തിൽ

വരുമ്പോൾ നാമും അനുസരിക്കാൻ ബാധ്യസ്ഥരാകും. അതോടൊപ്പം അവരുടെ പഠനത്തിനുള്ള സാഹചര്യങ്ങളും ഉണ്ടാക്കേണ്ടി വരും. നിലവിൽ തത്വശാസ്ത്രപഠനത്തോടൊപ്പം പ്രൈവറ്റായി ചേർന്ന് ബിരുദപഠനം നടത്തുകയാണ് പതിവ്.

ഇതിൽ ബിരുദാനന്തര പഠനം നിർവ്വഹിക്കുന്നത് ഓരോരുത്തരും അവരവർക്കിഷ്ടപ്പെട്ട സ്ഥലങ്ങളിലാണ്. ഈ സംവിധാനം ഇപ്പോൾ മാനന്തവാടി രൂപതയിൽമാത്രമാണ് തുടങ്ങിയിട്ടുള്ളത്. വിദ്യാർത്ഥികൾ ഈ കാലയളവിൽ ചെറിയ ജോലികൾ കണ്ടെത്തി അതിൽനിന്ന് കിട്ടുന്ന പണംകൊണ്ട് പഠനച്ചെലവുകൾ നടത്തണം എന്നാണ് നിർദ്ദേശം. ചെറിയ സഹായങ്ങൾ രൂപതാകേന്ദ്രത്തിൽ നിന്ന് കൊടുക്കുകയും രൂപതാധികാരികൾ ഇടയ്ക്കിടെ അവരുമായി ബന്ധപ്പെട്ട് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യും.

മാതാപിതാക്കളുടെ അമിത ലാളനയും സംരക്ഷണവും അനുഭവിച്ചു വളർന്ന കുട്ടികൾ ജീവിതയാഥാർത്ഥ്യങ്ങളെപ്പറ്റി അവബോധമില്ലാത്തവരും  അവയെ പൊടുന്നനെ വൈദിക ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ പരാജയപ്പെടുകയും ചെയ്യുന്ന സാഹചര്യം ഇന്നുണ്ട്. മാത്രമല്ല വൈദിക ജീവിതത്തെപ്പറ്റി വളരെ ലൗകികമായ ചിന്തകളോടെ കടന്നുവരുന്നവരുമുണ്ട്. ഇതെല്ലാം മാറ്റിയെടുക്കാൻ ഇന്നത്തെ  വൈദിക പരിശീലനപദ്ധതി പ്രാപ്തമല്ല എന്നു തോന്നിയതുകൊണ്ടാണ് ഇപ്രകാരം തത്വശാസ്ത്രപഠനത്തിനുശേഷം പുറത്തുപോയി ബിരുദാനന്തര പഠനം നടത്തണം എന്ന നിർദ്ദേശം വച്ചിട്ടുള്ളത്. മാത്രമല്ല പുറത്തുള്ള യുവാക്കൾ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും മറ്റും ഉള്ളവരായി മാറുന്ന സ്ഥിതിയിൽ അവർക്ക് നേതൃത്വം കൊടുക്കേണ്ടവനായ വൈദികൻ  അവരോടൊപ്പം നിൽക്കാൻ പ്രാപ്തനല്ലെങ്കിൽ ഫലം അപകർഷതാബോധവും ഏകാധിപത്യ പ്രവണതയുമായിരിക്കും.

ഈ വർഷം മാനന്തവാടി രൂപതയ്ക്കുവേണ്ടി വൈദികപരിശീലനം നേടുന്നവരുടെ എണ്ണം താഴെപ്പറയുംപ്രകാരമാണ്: മൈനർ സെമിനാരി - 40, തത്വശാസ്ത്രപഠനക്കാർ - 31, ദൈവശാസ്ത്രപഠനക്കാർ - 19, ബിരുദാനന്തര പഠനക്കാർ - 28 ആകെ 128. ഒരു വിദ്യാർത്ഥിക്ക് ശരാശരി ഒരുവർഷം 25000 മുതൽ 30000 രൂപവരെയാണ് ഇപ്പോൾ ചെലവാകുന്നത്. ഇത് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ അസാധാരണ ചെലവുകൾ കൂടാതെയാണ്. ചെലവിന്റെ പകുതിയോളം വിദേശത്തുള്ള നമ്മുടെ ഉപകാരികളും സംഘടനകളും തരുന്നുണ്ട്. ബാക്കിതുക രൂപതാ കേന്ദ്രത്തിൽ കിട്ടുന്ന

പൊതുഫണ്ടിൽനിന്നാണ് ചെലവാക്കുന്നത്. അതോടൊപ്പം അത്ര വലുതല്ലാത്ത തുകകൾ പ്രാദേശികമായി കണ്ടെത്തിയിട്ടുള്ള ഉപകാരികളും നൽകുന്നുണ്ട്.

ഏതാനും വർഷങ്ങൾക്കുള്ളിൽ വിദേശസഹായം തീർത്തും നിന്നുപോകാനാണ് സാധ്യത. അതിനാൽ നാം പ്രാദേശികമായി പണം കണ്ടെത്തിയേ മതിയാകൂ. മനസ്സുവച്ചാൽ നമുക്കതിന് വലിയ പ്രയാസം ഉണ്ടാകുകയില്ല. നല്ല മനസ്സിനോടൊപ്പം അൽപം ത്യാഗ ബുദ്ധിയും ഉണ്ടെങ്കിൽ സംഗതി എളുപ്പമായി. വിദേശത്തുനിന്ന് സംഭാവന നൽകുന്നവർ പലപ്പോഴും നമ്മേക്കാൾ പാവപ്പെട്ടവരാണ് എന്ന വസ്തുത നാം തിരിച്ചറിയണം. നമുക്ക് വൈദികരുണ്ടാകാൻ വേണ്ടി അവരനുഷ്ഠിക്കുന്ന ത്യാഗത്തിന്റെ ഒരംശമെങ്കിലും ഏറ്റെടുക്കാൻ നാം തയ്യാറാകണം. ഉപവസിച്ചും ആഘോഷങ്ങൾ വേണ്ടെന്നുവച്ചും മറ്റും മിച്ചംകിട്ടുന്ന പണമാണ് അവർ നമ്മുടെ വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനായി തരുന്നത്. അതുപോലെ നമുക്കും ചെയ്യാൻ കഴിയും. വിശ്വാസം ജീവിതത്തിൽ പ്രധാനപ്പെട്ടതാണെന്നും അതിന്റെ നിലനിൽപ്പിനും പരിപോഷണത്തിനും വൈദികർ അത്യാവശ്യമാണ് എന്നുള്ള ബോധ്യം ആഴത്തിലുണ്ടായെങ്കിലേ അതു സാധിക്കുകയുള്ളൂ.

രൂപതയ്ക്ക് ആവശ്യമായ വൈദികരുണ്ടാകാനുള്ള സാഹചര്യം ഒരുക്കുക എന്നത് ദൈവജനം മുഴുവന്റേയും ഉത്തരവാദിത്വമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ നിങ്ങളുടെ ഏവരുടെയും സഹായ സഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിലേയ്ക്ക് ഏതാനും നിർദ്ദേശങ്ങൾ മുമ്പോട്ടു വയ്ക്കുന്നു.

വൈദിക വിദ്യാർത്ഥികളുടെ പരിശീലനച്ചെലവിന് പണം സമാഹരിക്കാനായി എല്ലാവർഷവും ഇടവകകളിൽ ഒരു നിശ്ചിത ദിവസം പിരിവു നടത്തുക എന്നതാണ് ആദ്യത്തെ നിർദ്ദേശം. ഈ വർഷമത് ആഗസ്റ്റ് മാസം 27-ാം തീയതി ഞായറാഴ്ച നടത്തേണ്ടതാണ്. വിദ്യാഭ്യാസ സഹായനിധിയുടെ കാര്യത്തിൽ ചെയ്തതുപോലെ രണ്ടുപിരിവുകൾ എടുക്കുന്നതായിരിക്കും ഉത്തമം. ഒന്നാമത്തെ പിരിവ് ഇടവകയ്ക്കും രണ്ടാമത്തേത് മേൽപ്പറഞ്ഞ ഉദ്ദേശത്തിനും ആയിട്ടെടുക്കാവുന്നതാണ്. ഇക്കാര്യം ഒന്നോ രണ്ടോ ഞായറാഴ്ച മുമ്പേ തന്നെ ബഹു. വികാരിയച്ചന്മാർ പള്ളിയിൽ അറിയിച്ച് പിരിഞ്ഞുകിട്ടുന്ന തുക എത്രയും വേഗം രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്. ഏവരും ഉദാരമായി സംഭാവന നൽകാനായി അഭ്യർത്ഥിക്കുന്നു.

സാധിക്കുന്നവരെല്ലാം ഒരു വൈദികവിദ്യാർത്ഥിയെ ദത്തെടു

ക്കുക എന്നതാണ് രണ്ടാമത്തെ നിർദ്ദേശം. വർഷം 30000 രൂപവെച്ച് പത്ത് വർഷത്തേയ്ക്ക് ആകെ മൂന്ന് ലക്ഷം രൂപയാണ് ഇപ്പോഴത്തെ അവസ്ഥയിൽ കൊടുക്കേണ്ടിവരുന്നത്. പത്തുവർഷത്തെ കാലഘട്ടത്തിനിടയിൽ ജീവിതച്ചെലവുകൾ ഗണ്യമായി വർദ്ധിക്കുകയും ആ തുക മതിയാകാതെ വരുകയും ചെയ്യും. അത് മറ്റു സ്രോതസ്സുകളിൽ നിന്ന് കണ്ടെത്താൻ സാധിച്ചേക്കും. മേൽപ്പറഞ്ഞ തുക കൊടുക്കുവാൻ സാധിക്കുന്നവർ തീർച്ചയായും നമ്മുടെ രൂപതയിൽ പലരുണ്ട്. താത്പര്യമുള്ളവർ അതതു സ്ഥലത്തെ ബഹു. വികാരിയച്ചന്മാരെ വിവരമറിയിച്ചാൽ സെമിനാരിയുടെ റെക്ടറച്ചൻ നിങ്ങളെ സമീപിച്ചുകൊള്ളും.

ഒരു നിശ്ചിത തുക എല്ലാവർഷവും വൈദിക വിദ്യാർത്ഥികൾക്കായി നൽകുക എന്നതാണ് മൂന്നാമത്തെ നിർദ്ദേശം. എത്ര ചെറിയ തുകയാണെങ്കിലും അത് സ്വീകാര്യമാണ്. തുക ബഹു. വികാരിയച്ചന്മാരെ ഏൽപ്പിച്ചാൽ അവരത് രൂപതാകേന്ദ്രത്തിൽ തന്നുകൊള്ളും. അവനവന് തികഞ്ഞിട്ട് മറ്റാർക്കും കൊടുക്കാൻ സാധിക്കുകയില്ല എന്നത് നമ്മുടെ അനുഭവമാണ്. മാത്രമല്ല നമ്മുടെ ഇല്ലായ്മയിൽ നിന്ന് കൊടുക്കുമ്പോഴാണ് അത് ദൈവസമക്ഷം വിലയുള്ളതാകുന്നത്. നിങ്ങളുടെ ത്യാഗത്തെപ്പറ്റി അറിയുന്ന വൈദിക വിദ്യാർത്ഥി നിങ്ങൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും അതു നിങ്ങൾക്ക് ദൈവാനുഗ്രഹത്തിനും ജീവിതത്തിൽ ഉയർച്ചയ്ക്കും കാരണമാകുകയും ചെയ്യും. മാത്രമല്ല അങ്ങനെ പഠിച്ചുവരുന്ന വൈദികർ നിങ്ങളെപ്പോലെ ത്യാഗബുദ്ധിയും സഹാനുഭൂതിയും ഉള്ളവരായിത്തീരാൻ ഇടയാവുകയും ചെയ്യും.

സാധിക്കുന്ന ഇടവകകൾ മേൽപ്പറഞ്ഞ പ്രകാരം ചെയ്യുക എന്നതാണ് നാലാമത്തെ നിർദ്ദേശം. ഇപ്പോൾത്തന്നെ ഏതാനും ഇടവകകൾ അങ്ങനെ ചെയ്യുന്നുണ്ട്. ഇടവകാഘോഷങ്ങൾക്കും മറ്റും ചെലവാക്കുന്ന തുകയുടെ ഒരു നിശ്ചിത ശതമാനം ഇക്കാര്യത്തിലേയ്ക്ക് നൽകുക എന്നത് ഒരു ശീലമായി മാറണം. വഴക്കിനും ഉതപ്പിനുമെല്ലാം കാരണമാകുന്നതും ക്രൈസ്തവ വിശ്വാസത്തിനെതിരായതുമായ പരിപാടികൾ നടത്തുന്നതിലും എത്രയോ അധികം ദൈവത്തിന് പ്രീതികരമായിരിക്കും ആ പണം ദൈവജനത്തിന് സേവനം ചെയ്യാനുള്ള വൈദികരെ പരിശീലിപ്പിക്കുന്നതിനായി ചെലവാക്കുന്നത്. മുൻപു സൂചിപ്പിച്ചതുപോലെ നമ്മുടെ വിശ്വാസത്തിന്റെ ആഴത്തിനനുസരിച്ചാണ് നാം നമ്മുടെ പണസഞ്ചികൾ തുറക്കാൻ തയ്യാറാകുന്നത്. പ്രവൃത്തികൂടാതെയുള്ള വിശ്വാസം ജീവ

നില്ലാത്തതാണെന്ന വി. യാക്കോബ് ശ്ലീഹായുടെ വാക്കുകൾ നമുക്കനുസ്മരിക്കാം. കൊടുക്കുമ്പോഴാണ് കിട്ടുന്നത് എന്ന വസ്തുതയും നമുക്ക് മറക്കാതിരിക്കാം.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2006 ജൂലൈ മാസം 25-ാം തീയതി നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതാ മെത്രാൻ

---

NB:- ഈ സർക്കുലർ ഓഗസ്റ്റ് 20-ാം തീയതി ഞായറാഴ്ച വി. ബലി മധ്യേ വായിക്കണം.

# Vol. 5

**Prot. No. 4623 / 2006**
**Circular No. 4/2006**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

വളരെയധികം തെറ്റിദ്ധരിക്കപ്പെടുകയും ആരോപണവിധേയമാകുകയും ചെയ്യുന്ന ഒന്നാണല്ലോ സഭയുടെ, പ്രത്യേകിച്ച് രൂപതകളുടെ സാമ്പത്തിക ഇടപാടുകൾ. മാനന്തവാടി രൂപതയും ഇക്കാര്യത്തിൽ അപവാദമല്ല. രൂപതകളുടെ സാമ്പത്തിക ഇടപാടുകൾ സുതാര്യമല്ല എന്നും ആരോടും കണക്കു ബോധിപ്പിക്കാനുള്ള ഉത്തരവാദിത്വബോധം രൂപതാനേതൃത്വം കാണിക്കുന്നില്ല എന്നും സാധാരണ കേൾക്കാറുള്ള ആരോപണങ്ങളാണ്. രൂപതാകേന്ദ്രത്തിൽ കണക്കറ്റ സമ്പത്തുണ്ടെന്നും അതിന്റെ കണക്കുകൾ ആർക്കും വെളിപ്പെടുത്താതെ ഇടവകകളുടെയും മറ്റും ആവശ്യങ്ങൾ അവഗണിച്ചുകൊണ്ട് ഏതാനുംപേർ ചേർന്ന് ആ പണം അനുഭവിക്കുന്നു എന്നും മറ്റുമുള്ള സംസാരവും ഉണ്ടാകാറുണ്ട്. ഈ തെറ്റിദ്ധാരണകളും ആരോപണങ്ങളും നിലനിൽക്കുന്നിടത്തോളംകാലം രൂപതാപ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ എളുപ്പമല്ല എന്ന ബോധ്യം എനിക്കുണ്ട്. അതുകൊണ്ട് അവ മാറ്റിയെടുക്കേണ്ടത് അത്യാവശ്യമാണ്.

വലിയ കാര്യങ്ങളൊന്നും ചെയ്യാൻ പറ്റിയില്ലെങ്കിലും ചെയ്യുന്നവ ക്രൈസ്തവമൂല്യങ്ങൾക്കും ധാർമ്മികതയ്ക്കും വിധേയമായിരിക്കണം എന്നാണെന്റെ ആഗ്രഹം. ലക്ഷ്യം നല്ലതാണെങ്കിലും തെറ്റായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് ക്രൈസ്തവമല്ല. രൂപതയുടെ സാമ്പത്തിക ഇടപാടുകൾ സുതാര്യമാക്കുകയെന്നത് ഈ പ്രക്രിയയുടെ ഭാഗമാണ്. അതിന്റെ ആദ്യപടിയായി ഇതേപ്പറ്റി ഏതാനും കാര്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. ഞാൻ പറയുന്ന കാര്യങ്ങൾ സത്യവും വസ്തുതാപരവും ആണെങ്കിലും വളരെയധികം മുൻവിധികളും തെറ്റിദ്ധാരണകളും ഇക്കാര്യത്തിൽ നിലനിൽക്കുന്നതുകൊണ്ട് ഞാൻ പറയുന്നത് പലരും മുഖവിലയ്ക്കെടുത്തെന്ന് വരില്ല. ഒരുപക്ഷേ എന്റെ ഈ ശ്രമത്തെ തന്നെ മറ്റൊരു കാപട്യമായി ചിരിച്ചുതള്ളുന്നവരും കണ്ടേക്കാം. എങ്കിലും സത്യം രൂപതാംഗങ്ങളെ അറിയിച്ചു എന്ന ചാരിതാർത്ഥ്യം എനിക്കുണ്ടാകും.

വിദേശത്തുനിന്ന് ഭീമമായ തുകകൾ രൂപതാകേന്ദ്രത്തിൽ

എത്തുന്നുണ്ടെന്നും അവ എത്തേണ്ടിടത്ത് എത്തുന്നില്ലെന്നും അനർഹരായവർ അവ കൈവശപ്പെടുത്തുന്നു എന്നും മറ്റുമുള്ളത് സ്ഥിരം കേൾക്കുന്ന ആരോപണങ്ങളാണ്. രൂപതാവക തോട്ടങ്ങളിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ഇതുപോലെ തന്നെ പണം കിട്ടുന്നുണ്ടെന്നും അവയെല്ലാം ധൂർത്തടിക്കപ്പെടുകയാണ് എന്നും പലരും പറയാറുണ്ട്. ഈ പശ്ചാത്തലത്തിൽ രൂപതയുടെ ധനാഗമ മാർഗ്ഗങ്ങളെപ്പറ്റിയും അവ ചെലവാകുന്ന രീതികളെപ്പറ്റിയും എല്ലാവരും അറിഞ്ഞിരിക്കുന്നത് നല്ലതാണ്.

രണ്ടുതരത്തിൽ നിന്നുള്ള സ്രോതസ്സുകളിൽ നിന്നാണ് രൂപതാകേന്ദ്രത്തിൽ പണം എത്തുന്നത്. വിദേശസഹായികളിൽ നിന്നും സ്വദേശത്തുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും. വിദേശ സംഭാവനകൾ തന്നെ രണ്ടുതരത്തിൽ പെടുന്നു. നിശ്ചിത പദ്ധതികൾക്ക് അഥവാ ആവശ്യങ്ങൾക്ക് കിട്ടുന്നതും അങ്ങനെയല്ലാതെ പൊതു ആവശ്യങ്ങൾക്ക് കിട്ടുന്നതും. പള്ളി, പള്ളിമുറി, സൺഡേസ്കൂൾ തുടങ്ങിയവയുടെ നിർമ്മാണം, അനാഥാലയങ്ങളിലെ കുട്ടികളുടെ സംരക്ഷണം, വൈദികവിദ്യാർത്ഥികളുടെ പരിശീലനം, സാമൂഹ്യപ്രവർത്തനം, മിഷൻലീഗ്, കുടുംബപ്രേഷിതത്വം തുടങ്ങിയ പ്രസ്ഥാനങ്ങൾ നടത്തുന്ന പരിശീലനപദ്ധതികൾ എന്നിവ ആദ്യ വിഭാഗത്തിൽപെടുന്നു. സർക്കാർ നിയമമനുസരിച്ച് പ്രത്യേക പദ്ധതികൾക്കായി കിട്ടുന്ന പണം അതിനുവേണ്ടി മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ. അതിൽനിന്നും കടമായി പോലും മറ്റൊന്നിന് നൽകുവാൻ പാടുള്ളതല്ല. എന്തിനുവേണ്ടി കിട്ടിയെന്നും എങ്ങനെ ചെലവഴിച്ചുവെന്നും സർക്കാരിനെ അറിയിക്കുകയും വേണം. വർഷാവസാനം സർക്കാരിലേക്ക് കണക്കുകൾ കൊടുക്കുമ്പോൾ ഉദ്യോഗസ്ഥന്മാർ ഇക്കാര്യങ്ങൾ പരിശോധിക്കുകയും ആവശ്യമെന്ന് കണ്ടാൽ വിശദീകരണം ചോദിക്കുകയും ചെയ്യും. മേൽപ്പറഞ്ഞ സംഭാവനകൾ ഓരോ വർഷവും വളരെ വ്യത്യസ്തമായ തോതിലായിരിക്കും കിട്ടുന്നത്. കാരണം പദ്ധതികൾ സമർപ്പിച്ച് അംഗീകരിക്കപ്പെട്ടാൽ മാത്രമേ പണം കിട്ടുകയുള്ളൂ. ആവശ്യപ്പെടുന്നതിന്റെ ഒരംശം മാത്രമേ കിട്ടുകയുള്ളൂ എന്നതും ഒരു വസ്തുതയാണ്.

പ്രത്യേക ഉദ്ദേശ്യമൊന്നും പറയാതെ രൂപതയുടെ പൊതു ആവശ്യങ്ങൾക്കായി കിട്ടുന്ന സംഭാവനകളാണ് രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നത്. ആദ്യത്തേതിനെ അപേക്ഷിച്ച് വളരെ കുറവായിരിക്കും ഇങ്ങനെ കിട്ടുന്ന തുക. കാരണം ഏതൊരു വ്യക്തിയും സംഘടനയും തങ്ങൾ കൊടുക്കുന്ന പണം ഒരു നിശ്ചിത ആവശ്യം നിറവേറ്റാനാണല്ലോ ഇഷ്ടപ്പെടുന്നത്. രൂപതയുടെ വൈദികരിൽ അഞ്ചുപേർ ജർമ്മനിയിലും നാലുപേർ അമേരിക്കയിലും സേവനം ചെയ്യുന്നുണ്ട്. അവരുടെ ശമ്പളത്തിൽ നിന്നും തരുന്ന ഓഹരിയും ഈയിനത്തിൽപ്പെടുന്നു. വൈദികരുടെ ശമ്പളം മറ്റു ജോലിക്കാരുടേതിനേക്കാൾ വളരെ താഴ്ന്നതായതിനാൽ അവർ തരുന്ന തുകകളും അത്ര വലുതൊന്നുമായിരിക്കുകയില്ല. പൊതുഫണ്ടിലേക്ക് കഴിഞ്ഞവർഷം കിട്ടിയത് 19,00,575 രൂപയാണ്.

തദ്ദേശീയമായ ധനാഗമ സ്രോതസ്സുകൾ താഴെപ്പറയുന്നവയാണ്. രൂപതാവക തോട്ടങ്ങൾ, ഇടവകകളിൽ നിന്ന് ലഭിക്കുന്ന 10%, വ്യക്തികൾ തരുന്ന സംഭാവനകൾ. മംഗലാപുരത്ത് 497 ഏക്കർ, കാട്ടിക്കുളത്ത് 47 ഏക്കർ, ദ്വാരകയിൽ 9 ഏക്കർ, മാനന്തവാടിയിൽ 42 ഏക്കർ, കൽപ്പറ്റയിൽ 26 ഏക്കർ, ശാന്തിഗിരിയിൽ 7 ഏക്കർ, ഒണ്ടയങ്ങാടിയിൽ 10 ഏക്കർ, നെടുംപൊയിലിൽ 102 ഏക്കർ എന്നിങ്ങനെയാണ് രൂപതാവക തോട്ടങ്ങൾ. മംഗലാപുരത്തുള്ള സ്ഥലത്ത് 300 ഏക്കറിൽ മാത്രമാണ് കൃഷിയുള്ളത്. കൃഷിയുള്ള ഭാഗത്ത് 27 ഏക്കർ ഈയടുത്ത കാലത്ത് കർണ്ണാടക സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. അതിന്റെ വില ഇനിയും കിട്ടിയിട്ടില്ല. പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് ധാരാളം അവ്യക്തതകൾ നിലനിൽക്കുന്നതുകൊണ്ട് പണം ഉടനേയെങ്ങും കിട്ടുമെന്നും തോന്നുന്നില്ല. ഈ തോട്ടത്തിൽ നിന്ന് കിട്ടുന്ന ആദായം മുഴുവൻ തന്നെ അവിടുത്തെ കൃഷികൾക്കായി ചെലവാക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് രൂപതാകേന്ദ്രത്തിലേക്ക് കിട്ടുന്നത് വളരെ തുച്ഛമായ തുകയായിരിക്കും. കഴിഞ്ഞ വർഷങ്ങളിൽ മേൽപ്പറഞ്ഞ തോട്ടങ്ങളിൽ നിന്ന് രൂപതാകേന്ദ്രത്തിൽ ലഭിച്ച തുക താഴെപറയും പ്രകാരമാണ്. മംഗലാപുരം - ഒന്നുമില്ല, നെടുംപൊയിൽ - 90,000 രൂപ, കാട്ടിക്കുളം - 2,50,000 രൂപ, മാനന്തവാടി - 2,05,217 രൂപ, ദ്വാരക - 2,88,024 രൂപ, കൽപ്പറ്റ

- 2,08,413 രൂപ, ശാന്തിഗിരി - ഒന്നുമില്ല, ഒണ്ടയങ്ങാടി - ഒന്നുമില്ല. അങ്ങനെ ആകെ 10,41,654 ലക്ഷം രൂപയാണ് തോട്ടങ്ങളിൽ നിന്ന് കഴിഞ്ഞ വർഷം കിട്ടിയത്.

ഇടവകകളുടെ വാർഷിക അറ്റാദായത്തിന്റെ പത്ത് ശതമാനം രൂപതാകേന്ദ്രത്തിലേക്ക് തരണമെന്നാണ് നിലവിലുള്ള രൂപതാ നിയമം. ആകെ 137 ഇടവകകളാണ് നമുക്കുള്ളത്. ഇവയെ സാമ്പത്തിക നിലയുടെ അടിസ്ഥാനത്തിൽ A,B,C,D,E എന്നിങ്ങനെ അഞ്ചായി തിരിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ നന്നായി സഹകരിക്കുന്ന ഇടവകകളും ഒട്ടും സഹകരിക്കാത്തവയും ഉണ്ട്. കണക്കിൽ പല തരം കുറവുകൾ വരുത്തി വരവ് കുറച്ചുകാണിക്കുന്ന ഇടവകകളും പണം മിച്ചമുണ്ടെങ്കിലും തരാൻ മടിക്കുന്ന ഇടവകകളും ഉണ്ടെന്നുള്ളത് ദുഃഖകരമാണ്. കഴിഞ്ഞവർഷം ഈയിനത്തിൽ കിട്ടിയത് 5,35,585 രൂപയാണ്.

ബഹുമാനപ്പെട്ട വൈദികരുടെ സംരക്ഷണത്തിനും ചികിത്സയ്ക്കുമായി ഇടവകകളും സ്ഥാപനങ്ങളും ഓരോ വർഷവും വൈദികരുടെ ഒരു മാസത്തെ ജീവനാംശത്തിന് തുല്യമായ തുക രൂപതാകേന്ദ്രത്തിലേക്ക് അടയ്ക്കുന്നുണ്ട്. ഇതിനും പുറമേ 2006 ഏപ്രിൽ മുതൽ ഓരോ വൈദികനും പ്രതിവർഷം ഒരുമാസത്തെ അലവൻസിന് തുല്യമായ തുക ഇക്കാര്യത്തിലേക്ക് തരേണ്ടതുണ്ട്. അതു കൂടാതെ വൈദികർ ഒരു ദിവസം ഒന്നിൽ കൂടുതൽ കുർബാനയർപ്പിച്ചാൽ കൂടുതലായി അർപ്പിക്കുന്ന കുർബാനകളുടെ ധർമ്മവും ഇക്കാര്യത്തിനായി രൂപതാകേന്ദ്രത്തിൽ അടയ്ക്കുകയാണ് ചെയ്യുന്നത്. മേൽപ്പറഞ്ഞ രീതികളിൽ കിട്ടുന്ന തുക ഒരു പ്രത്യേക ഉദ്ദേശ്യത്തിനുള്ളതാണെന്ന് വ്യക്തമാണല്ലോ.

രൂപതയിലെ സെമിനാരി വിദ്യാർത്ഥികളെ പഠിപ്പിക്കാനായി ചെറുതും വലുതുമായ തുകകൾ പല വ്യക്തികളും ഇടവകകളും സംഭാവന ചെയ്യുന്നുണ്ട്. ഈ ആവശ്യത്തിനായി വർഷത്തിലൊരിക്കൽ പൊതുപ്പിരിവും ഈ വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. ഈ പണവും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുകയില്ലല്ലോ.

ഇതുപോലെതന്നെ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠനസ

ഹായം കൊടുക്കാനുള്ള ഫണ്ടിലേക്കും ചെറുതും വലുതുമായ സംഭാവനകൾ കിട്ടാറുണ്ട്. ഈ ആവശ്യത്തിനുവേണ്ടിയും ഒരു പൊതുപ്പിരിവുണ്ട്. ഇങ്ങനെ കിട്ടുന്ന തുകകൾ ഈ ഫണ്ടിൽ മാത്രമാണ് നിക്ഷേപിക്കുന്നത്.

രൂപതാവക എയ്ഡഡ് സ്കൂളുകൾ (40 എണ്ണം), അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ (2 എണ്ണം), റെഗുലർ കോളേജ് (1 എണ്ണം), പാരലൽ കോളേജ് (1 എണ്ണം) ആശുപത്രി (1 എണ്ണം) എന്നിവയിൽ നിന്നു കിട്ടുന്ന പണം അവയുടെ തന്നെ നടത്തിപ്പിന് വേണ്ടിയാണ് ചെലവഴിക്കുന്നത്. എന്നുമാത്രമല്ല, രൂപതയുടെ പൊതുഫണ്ടിൽ നിന്നും വ്യക്തികളിൽനിന്നും ബാങ്കുകളിൽ നിന്നു കടം വാങ്ങിയും ഭീമമായ സംഖ്യകൾ ഇവയ്ക്കുവേണ്ടി കെട്ടിടങ്ങൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാൻ ചെലവാക്കിയിട്ടുണ്ട്. ഇപ്പോഴും ചെലവാക്കുന്നുമുണ്ട്. ഇവയിൽ മേരിമാതാ കോളേജ്, ഡി പോൾ ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവയ്ക്കായി മാത്രം കടം വാങ്ങിയിരിക്കുന്നത് ഏകദേശം മൂന്ന് കോടിയിലധികം രൂപയാണ്. 40 എയ്ഡഡ് സ്കൂളുകൾക്കായി വാങ്ങിയ കടം ഇനിയും കൊടുത്ത് തീർക്കാനുള്ളത് നാലര കോടിയിലേറെയുണ്ട്. ന്യൂമാൻസ് പാരലൽ കോളേജ് മാത്രമാണ് കടം കൂടാതെ നടന്നുപോകുന്നത്. അവിടെ കാര്യമായ വികസന പ്രവർത്തനങ്ങൾ നടത്തുന്നില്ല എന്നതാണ് വസ്തുത. സെന്റ് ജോസഫ്സ് ആശുപത്രിയും പണദൗർലഭ്യം മൂലം അത്യാവശ്യമല്ലാത്ത വികസന പ്രവർത്തനങ്ങൾ ഒന്നും നടത്തുന്നില്ല.

ഇനി രൂപതയുടെ പൊതുഫണ്ടിലുള്ള പണം ചെലവാകുന്ന വഴികളെപ്പറ്റിയാണ് പറയാനുള്ളത്. പ്രത്യേക പദ്ധതികൾക്കും ആവശ്യങ്ങൾക്കുമായി വിദേശത്തുനിന്നും സ്വദേശത്തുനിന്നും കിട്ടുന്ന തുകകൾ അതതു കാര്യത്തിനു മാത്രം വിനിയോഗിക്കപ്പെടുന്നതുകൊണ്ട് അവയെപ്പറ്റി കൂടുതൽ പറയേണ്ടതില്ല. അപ്രകാരം പണം കിട്ടാത്ത എല്ലാ പ്രവർത്തനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും പൊതുഫണ്ടിൽനിന്നാണ് കൊടുക്കുന്നത്. ചിലതിന് മുഴുവനായും മറ്റ് ചിലതിന് ഭാഗികമായും ഇപ്രകാരം കൊടുക്കുന്നു. അവ താഴെപ്പറയുന്നവയാണ്. ബിഷപ്സ് ഹൗസ്, മൈനർ സെമിനാരി, മേജർ സെമി

നാരി വിദ്യാർത്ഥികൾ, വൃദ്ധരും രോഗികളുമായ വൈദികരുടെ മന്ദിരം (വിയാനി ഭവൻ), വൈദികരുടെ ചികിൽസ, രൂപത നേരിട്ട് നടത്തുന്ന വൃദ്ധ മന്ദിരം (സമരിറ്റൻ ഭവൻ), മൂന്നു ബാലഭവനങ്ങൾ (ബോയ്സ് ടൗൺ, ജയമാതാ ആശ്രമം, ശാന്തിനിലയം), പാസ്റ്ററൽ സെന്ററും അവിടെ പ്രവർത്തിക്കുന്ന മതബോധന കേന്ദ്രം, കുടുംബപ്രേഷിതത്വ കേന്ദ്രം, ചെറുപുഷ്പ മിഷൻലീഗ്, കേരള കത്തോലിക്കാ യുവജന സംഘടന, സീയോൻ ധ്യാനകേന്ദ്രം, കൃപാ നിത്യാരാധനാ കേന്ദ്രം, ഇൻഫാം ഓഫീസ്. ഇപ്പറഞ്ഞ കാര്യങ്ങൾക്കായി ആവശ്യമുള്ളതിന്റെ പകുതി പണംപോലും കിട്ടാറില്ല എന്നതാണ് വസ്തുത. ബിഷപ്സ് ഹൗസിന്റെ നടത്തിപ്പിന് ആരും പണം തരികയില്ല എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, അവിടെയുള്ള വൈദികരുടെയും മറ്റ് സേവനം ചെയ്യുന്നവരുടെയും അലവൻസ്, ജോലിചെയ്യുന്നവരുടെ ശമ്പളം, ഭക്ഷണം, വാഹനങ്ങൾ, മീറ്റിംഗുകളുടേയും മറ്റും നടത്തിപ്പ്, ടെലഫോൺ, വൈദ്യുതി തുടങ്ങിയ ഇനങ്ങൾക്കായി വലിയ സംഖ്യ കണ്ടെത്തുകയും വേണം.

വളരെയേറെ ഇടവകകൾ സ്ഥലം വാങ്ങാനും, അറ്റകുറ്റപ്പണികൾ നടത്താനും കൃഷിചെയ്യാനും പള്ളി, പള്ളിമുറി, സൺഡേസ്ക്കൂൾ തുടങ്ങിയവ പണിയാനും മറ്റുമായി സഹായം ആവശ്യപ്പെടാറുണ്ട്. ഉള്ളതുപോലെ കൊടുത്തു സഹായിക്കാറുമുണ്ട്. ചോദിക്കുന്ന എല്ലാവർക്കും കൊടുക്കാൻ പറ്റാത്തതുകൊണ്ടും ചോദിക്കുന്നതത്രയും കൊടുക്കാൻ പറ്റാത്തതുകൊണ്ടും ഇക്കാര്യത്തിൽ ഇടവകക്കാരെ ഒരിക്കലും തൃപ്തിപ്പെടുത്താൻ സാധിക്കാറില്ല. പണം ഇല്ല എന്നുപറയുമ്പോൾ കടമായി തന്നാൽ മതിയെന്ന നിലപാടും പലപ്പോഴും പലരും എടുത്തുകാണാറുണ്ട്. "പണമുണ്ട് പക്ഷേ തരാൻ താത്പര്യമില്ല" എന്നാണ് രൂപതാകേന്ദ്രത്തിലിരിക്കുന്നവരുടെ മനോഭാവം എന്ന് ചിന്തിയ്ക്കുന്നതുകൊണ്ടാകാം ഇങ്ങനെയൊരുപ്രതികരണമുണ്ടാകുന്നത്. അതുപോലെതന്നെ പൊതുയോഗത്തിലും പ്രതിനിധി യോഗത്തിലും രൂപതാകേന്ദ്രത്തിൽ നിന്ന് ഇത്ര രൂപ സഹായമായി അഥവാ കടമായി വാങ്ങിയ്ക്കാമെന്ന് തീരുമാനമെടുത്ത് അംഗീകാരത്തിനായി സമർപ്പിക്കാറുണ്ട്. അവരേയും തൃപ്തിപ്പെടുത്താൻ സാധിക്കാറില്ല. എന്നതുമാത്രമല്ല അങ്ങനെ തീരുമാനി

ക്കുന്നതിൽ അപാകതയുമുണ്ട്.

ഓരോ വർഷവും എത്രപണം രൂപതയുടെ പൊതുഫണ്ടിലേയ്ക്ക് കിട്ടുമെന്ന് കണക്കുകൂട്ടി അതിൽ നിന്നും അത്യാവശ്യമുള്ള കാര്യങ്ങൾക്കായി നീക്കിവെച്ചശേഷം ബാക്കിയുണ്ടെങ്കിൽ അതു മാത്രമാണ് സഹായധനമായി കൊടുക്കാൻ കഴിയുക. അതല്ലങ്കിൽ ബാങ്കിൽനിന്നും മറ്റു കടമെടുക്കാൻ നിർബന്ധിക്കപ്പെടുകയും വ്യക്തികൾ അകപ്പെടുന്നതുപോലെ രൂപത കടക്കെണിയിൽപ്പെടുകയും ചെയ്യും. ആ സാഹചര്യം ഉണ്ടാകാൻ അനുവദിയ്ക്കരുതല്ലോ. പണം ഇല്ലാതെ വരുന്ന അവസ്ഥയിൽ പലതും നാം വേണ്ടെന്ന് വയ്ക്കേണ്ടിയും വരും. ഇതെല്ലാം മുന്നിൽ കണ്ടുകൊണ്ട് നടപ്പുവർഷത്തെ ബഡ്ജറ്റ് തയ്യാറാക്കി രൂപതാ വൈദിക പ്രതിനിധിയോഗം, വൈദിക സമ്മേളനം, പാസ്റ്ററൽ കൗൺസിൽ എന്നിവയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് വേണ്ട ഭേദഗതികളോടെ പാസ്സാക്കി. ബഡ്ജറ്റ് അനുസരിച്ച് ചെലവുകൾ ക്രമീകരിക്കാൻ പറ്റിയില്ലെങ്കിൽ അതു പ്രയോജന രഹിതമായ ഒരു ജോലിയായിരിക്കും. മാത്രമല്ല രൂപതയ്ക്ക് നിശ്ചിത വരുമാനങ്ങൾ ഒന്നുമില്ലാത്തതുകൊണ്ട് ബഡ്ജറ്റിൽ പ്രതീക്ഷിച്ച തുക മുഴുവൻ കിട്ടുന്നുമില്ല. അതുകൊണ്ട് അക്കാര്യം ബന്ധപ്പെട്ടവർ എല്ലാവരും മനസ്സിലാക്കേണ്ടതുണ്ട്.

സാമ്പത്തികമായ അച്ചടക്കം പാലിക്കേണ്ടത് എല്ലാ സ്ഥാപനങ്ങളുടേയും സുഗമമായ നടത്തിപ്പിന് അത്യന്താപേക്ഷിതമാണ്. ഇടവകകളും പ്രസ്ഥാനങ്ങളുമെല്ലാം ഇപ്രകാരം ചെയ്യണം. അത് ദീർഘവീക്ഷണത്തോടെ ആയിരിക്കുകയും വേണം.

രൂപത ഒരു ആദ്ധ്യാത്മിക സമൂഹമാണ്. അതിന്റെ പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യ ലക്ഷ്യങ്ങളും അതിനനുസരിച്ചുള്ളതാണ്. അതുപോലെ തന്നെ അതിന്റെ പ്രവർത്തന ശൈലിയും. ഇതിൽനിന്നും വിട്ടുമാറി സർക്കാർ ചെയ്യേണ്ടതായ എല്ലാ ജോലികളും ഏറ്റെടുത്ത് നടത്തുക സാധ്യമായിരിക്കുകയില്ല. ക്രൈസ്തവ മനസാക്ഷിയുള്ള ഒരു സമൂഹത്തിന്റെ സൃഷ്ടിയ്ക്കായിട്ടാണ് സഭ യത്നിക്കേണ്ടതും ഒരുസ്ഥാപനം എന്ന നിലയിൽ കിട്ടുന്ന പണം ചെലവഴിയ്ക്കേണ്ടതും. അതിലൂടെ വിദ്യാഭ്യാസം, ആതുരസേവനം, സാമൂഹ്യ പ്രവർത്തനം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കാൻ സഭാംഗങ്ങൾ സജ്ജരാക്കപ്പെടണം. പരസ്പരമുള്ള പങ്കുവയ്ക്കലും

ഇതിൽപ്പെടുന്നു. നികുതിപിരിച്ചും കടമെടുത്തും കാര്യങ്ങൾ നടത്തുന്ന സർക്കാരിന്റെ മാതൃക പിൻതുടർന്ന് ഇതൊന്നും ചെയ്യാൻ അനുവാദമില്ലാത്ത സഭാനേതൃത്വം കൊടുക്കാൻ സന്മനസ്സുകാണിക്കുന്ന ഏതാനും ആളുകളെ പിഴിഞ്ഞ് സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ നടത്താൻ ശ്രമിക്കുന്നത് ആശാസ്യവുമല്ല.

കാർഷിക മേഖലയുടെ തകർച്ചയും തത്ഫലമായുണ്ടായ സാമ്പത്തിക പ്രതിസന്ധിയും വ്യക്തികളേയും കുടുംബങ്ങളേയുംപോലെ രൂപതാകേന്ദ്രത്തേയും ഇടവകകളേയും സ്ഥാപനങ്ങളേയും എല്ലാം ബാധിച്ചിട്ടുണ്ട്. അതേസമയം ഒരു പ്രസ്ഥാനം നടന്നുപോകാൻ അത്യാവശ്യമായ സംവിധാനങ്ങൾ ഇല്ലാതിരിക്കാനും പറ്റില്ല. ഉദാഹരണത്തിന് ബിഷപ്പ്സ് ഹൗസും അനുബന്ധ സംവിധാനങ്ങളും നിലനിൽക്കാതെ നിവൃത്തിയില്ലല്ലോ. എത്ര കുറയ്ക്കാമെന്നുവച്ചാലും അതിനൊരു പരിധിയുണ്ട്. ആ പരിധിയിൽ കുറച്ചാൽ സംവിധാനം തന്നെ തകരാറിലാകും. അവയ്ക്കായി പണം ചെലവഴിക്കുമ്പോൾ മറ്റു ചില അർഹിക്കുന്നതും ആവശ്യവുമായ കാര്യങ്ങൾപോലും ചെയ്യാൻ പറ്റാതെ പോകുന്നു. ആഢംബരമെന്നും അനാവശ്യമെന്നും പക്ഷപാതപരമെന്നും മറ്റും വിശേഷിപ്പിക്കപ്പെടുന്ന കാര്യങ്ങൾ അങ്ങനെയല്ല എന്ന് കാര്യങ്ങൾ അടുത്തറിയുമ്പോൾ മനസ്സിലാകുന്നതാണ്.

രൂപതയുടെ സാമ്പത്തിക രംഗത്തിന്റെ ഒരു രേഖാചിത്രം നിങ്ങളുടെ മുമ്പിൽ ഞാൻ അവതരിപ്പിയ്ക്കുകയായിരുന്നു. തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ഇതിൽപ്പറയുന്ന കാര്യങ്ങൾ ബോധ്യപ്പെടാത്തവർ ധാരാളം ഉണ്ടാകാം. എങ്കിലും ഇതാണ് യാഥാർത്ഥ്യം എന്ന് ഒന്നുകൂടി അടിവരയിട്ട് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് രണ്ടായിരത്തിയാറാമാണ്ട് നവംബർ മാസം ഇരുപതാം തീയതി നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

ഈ സർക്കുലറിന്റെ ഉള്ളടക്കം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇടവക ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.